പ്രഭാതപ്പതിപ്പ്.

Reg. No. T. 174 Licence No. 365 dated 26—2—1948.

വില 2 ചക്രം

വരുന്ന
ജൂപ്പിറ്റേഴ്സ്
മോഹിനി
ഗോപാലകൃഷ്ണ
റിലീസ്.

ദേശബന്ധു

Editor-in-Chief:- K. N. Sankunni Pillai B. A. & B. L.

Advertise
in
DESABANDHU
The best medium
ADVERTISEMENT
for
For rates write to:-
The Advt. Manager.

Vol. 1 | കോട്ടയം 1948 ഒക്ടോബർ 9-ാംനു — 1124 കന്നി 23-ാംനു ശനി പേജ് 4 | No 167

യുദ്ധം അനിവാര്യം

ബർളിൻപ്രശ്നത്തിന്മേൽ റഷ്യയുമായി സംഘട്ടനം വേണ്ടിവരും

അമേരിക്കൻജനതയ്ക്കു് മാർഷലിന്റെ ഉപദേഷ്ടാവ് മുന്നറിയിപ്പു നൽകുന്നു

ഡറാം, ഒക്ടോബർ 7

ജർമ്മനിയിലെ അമേരിക്കൻ നയം സംബന്ധിച്ച് മി. മാർഷലിന്റെ ഉയർന്ന ഉപദേഷ്ടാക്കളിലൊരാളായ മി. ചാറൽസ് സാൾട്സ്മാൻ ഇന്നു രാത്രി അമേരിക്കൻ ജനതയ്ക്കു നൽകിയ ഒരു മുന്നറിയിപ്പിൽ പറയുന്നതു് ബർളിൻ തർക്കത്തിൽ റഷ്യയുമായി ഒരു യുദ്ധം ഒഴിവാക്കാൻ സാദ്ധ്യമല്ലെന്നു വന്നേക്കാമെന്നാണ്. നീതിക്കും അഭിമാനത്തിനും യോജിച്ച തരത്തിൽ സമാധാനം പുലർത്തുവാൻ അമേരിക്കൻ ഗവണ്മെൻറും അതുമായി സഹകരിക്കുന്ന മററു ഗവണ്മെന്റുകളും പരമാവധി ശ്രമിക്കുമെന്നു് ഉറപ്പു നൽകാൻ മാത്രമെ നിവൃത്തിയുള്ളു എന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇങ്ങനെ തുടർന്നു. "ഒരു യുദ്ധം ഒഴിവാക്കുവാൻ പരമാവധി യത്നിക്കുന്നുണ്ട്. ക്ഷമ, ശാന്തത, ആത്മധൈര്യം എന്നിവകൊണ്ടു് ഇക്കാര്യത്തിൽ ജയിക്കാമെന്നാശിക്കുന്നു. എന്നാൽ ഒരു പക്ഷെ അതു സാദ്ധ്യമല്ലെന്നു വന്നേക്കാം. വൻപിച്ച ശക്തി കൈവശമുള്ള ദയാശൂന്യവും അനിയന്ത്രിതവുമായ ഒരു ഘടകത്തിന്റെ തന്ത്രങ്ങളിൽ അന്തർലീനമായിരിക്കുന്ന വിപത്തിൽ നിന്നു് നമ്മെ അതിവേഗം മോചിപ്പിക്കുന്ന എന്തെങ്കിലും മാന്ത്രികസിദ്ധിയോ അത്ഭുതകൃത്യമോ ഇല്ല.

റഷ്യയുമായുള്ള വിഷമതകളെ പ്രതിപാദിച്ചുകൊണ്ടദ്ദേഹം പറഞ്ഞതു് കൂടിയാലോചനാശ്രമങ്ങൾ വിഫലമായെന്നാണ്. സോവിയററു യൂണിയന്റെ നയം സഹകരണത്തിൽ അധിഷ്ഠിതമല്ല. അതു്, കമ്യൂണിസവും ബാക്കി ലോകവും തമ്മിൽ ഒരു സംഘട്ടനം അനിവാര്യമാണെന്നും അതിൽ ഒന്നു് മറെറാന്നിനെ നിശ്ശേഷം നശിപ്പിക്കുന്നതുവരെ ആ സംഘട്ടനം തുടരണമെന്നും ഉള്ള ഒരയവില്ലാത്ത സിദ്ധാന്തത്തിലാണ് ആ നയം അധിഷ്ഠിതമായിരിക്കുന്നതു്.

ഏ.റ്റി.സി.സി.

(കൂടുതൽ വിവരങ്ങൾ)

(സ്വ—ലേ)

തിരുവനന്തപുരം, കന്നി 22

നിർഭാഗ്യവശാൽ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ കാറും കോളും ഇളക്കിക്കൊണ്ടിരുന്ന സംഭവഗതികളുടെ മദ്ധ്യത്തിൽ നിന്നു് ഏ. റ്റി. സി സി. വിളിച്ചുകൂട്ടണമെന്നുള്ള മുറവിളികളും അപേക്ഷകളും പ്രമേയങ്ങളും പുറപ്പെട്ടുകൊണ്ടിരിക്കയായിരുന്നല്ലൊ. അത്രമാത്രം പ്രകോപനങ്ങളുടെ ആവശ്യം കൂടാതെ തന്നെ സാധാരണഗതിയിൽ ഏ. റ്റി. സി. സി. സമ്മേളനം സ്റ്റേ. കോ. പ്രസിഡണ്ടു് ശ്രീ പട്ടം താണുപിള്ളയുടെ നിർദ്ദേശാനുസരണം ഇന്നു് രാവിലെ 10 മണിക്കു് വി.ജെ. ഹാളിൽ സമ്മേളിച്ചു. ശ്രീ. രാമചന്ദ്രനൊഴിച്ചുള്ള എല്ലാ മന്ത്രിമാരും ഉൾപ്പെടെ ആകെ 77 അംഗങ്ങൾ (മൊത്തം 96) സന്നിഹിതരായിരുന്നു. സമ്മേളനത്തിൽ പത്ര പ്രതിനിധികൾക്കു് പ്രവേശനം അനുവദിച്ചിരുന്നില്ല. സമ്മേളന വിവരങ്ങളും തീരുമാനങ്ങളും പ്രതീക്ഷിച്ചു് അനവധി ആളുകൾ ടൗൺഹാളിനു് ചുററുമുള്ള റോഡുകളിൽ കാത്തുനിന്നിരുന്നു.

പ്രാരംഭവും തടസ്സവും

ആദ്യമായി പ്രസിഡണ്ടു് ശ്രീ. പട്ടം താണുപിള്ള, ആഗതനായി അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു് ഒരു പ്രസ്താവന ചെയ്യുവാൻ ആരംഭിച്ചു. ഇതിനിടയിൽ മി. പി. റ്റി. ചാക്കോ എഴുന്നേററു് ഉച്ചത്തിൽ സംസാരിക്കുന്നതു് റോഡിൽ നിന്നു് കേൾക്കാമായിരുന്നു. മി. ചാക്കോ പ്രധാന മന്ത്രിസ്ഥാനം വഹിക്കുന്ന ആൾതന്നെ കോൺഗ്രസ് പ്രസിഡൻറായി തുടരാൻ പാടില്ലെന്നും, അദ്ദേഹം പ്രസിഡണ്ടുസ്ഥാനം രാജിവയ്ക്കണമെന്നും, പലവഴിക്കുനിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ടു് ആദ്യമായി ആ സംഗതിതന്നെയാണു് ചർച്ചചെയ്യേണ്ടതെന്നുമാണു് പ്രസ്താവിച്ചതെന്നും, തദവസരത്തിൽ, പ്രസിഡണ്ടു്, മീററിംഗിന്റെ നടപടികളാരംഭിച്ചില്ലെന്നും അതിനു മുമ്പായി എനിക്കു് അല്പം സംസാരിക്കുവാനുണ്ടെന്നും, പിന്നീടു് അക്കാര്യം ആലോചിക്കാവുന്നതാണെന്നും പ്രസ്താവിച്ചതായറിയുന്നു. മി. ചാക്കോ അദ്ദേഹത്തിന്റെ വാദം ഇരിക്കാതെ തന്നെ കൂടുതൽ ഉച്ചത്തിൽ തുടർച്ചയായി ആവർത്തിച്ചുകൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ, അജണ്ടായിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വിഷയമാണു് അതെന്നുള്ളതുകൊണ്ടു് പ്രസിഡണ്ടിന്റെ പ്രസ്താവനയുടെയിടയിൽ തടസ്സമുണ്ടാകരുതെന്നു് പല ഭാഗങ്ങളിൽ നിന്നും മി. ചാക്കോയോടു് ആവശ്യപ്പെടുകയുണ്ടായി എങ്കിലും അദ്ദേഹത്തിന്റെ നിലയ്ക്കു് മാററമുണ്ടായില്ലെന്നും പറയപ്പെടുന്നു.

ഈ അവസരത്തിൽ ശ്രീ പട്ടം ഇതു് സഭാനടപടികൾക്കു് വിരുദ്ധമാണെന്നും സ്റ്റേ: കോ:ന്റെ 12 വർഷത്തെ പ്രസിഡണ്ടു് എന്നനിലയിൽ മി. ചാക്കോയോടു് ഇരിയ്ക്കണമെന്നു് ആവശ്യപ്പെട്ടതായും, അപ്പോൾ മി ചാക്കോ ഇരുന്നുവെന്നും പറയപ്പെടുന്നു. തുടർന്നു് ശ്രീ പട്ടം ഒരു പ്രസ്താവനചെയ്തു. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ഏതാണ്ടിപ്രകാരം പറഞ്ഞതായിട്ടാണറിവു്.

കോൺഗ്രസ്സ് പ്രസിഡണ്ടും പാർട്ടിനേതാവു് അല്ലെങ്കിൽ പ്രധാനമന്ത്രിയും, ഒരാൾതന്നെ ആയിരിക്കുവാൻ പാടില്ലെന്നുള്ള വാദഗതി തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ഇവിടുത്തെ പ്രത്യേക സ്ഥിതിഗതികളിൽ ഇതു് രണ്ടും രണ്ടാളുകളിലായിരിക്കുന്നതു് ശരിയായിരിക്കയില്ലെന്നാണു് എന്റെ അഭിപ്രായം. എന്റെ ആ വിശ്വാസത്തിനു് എന്തായാലും വ്യത്യാസമില്ല. എന്നാൽ തൽസംബന്ധമായ ഒരു തീരുമാനം ചെയ്യുവാൻ നിങ്ങൾക്കവകാശമുണ്ടു്. മറിച്ചുള്ള ഒരു തീരുമാനം ശരിയായിരിക്കയില്ലെന്നു പിന്നീടു നിങ്ങൾക്കു ബോദ്ധ്യമാകുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. പ്രസിഡണ്ടു് സ്ഥാനം രാജിവെക്കുന്നതിനെപ്പററി പലസ്ഥലങ്ങളിൽ നിന്നും ഒച്ചപ്പാടുകളുണ്ടായിട്ടുണ്ടു്: വളരെ പ്രാധാന്യമുള്ള ഈ കാര്യം എ. റ്റി. സി. സി. യുടെ സുചിന്തിതമായ തീരുമാനത്തിനു് വിധേയമാകട്ടെ എന്നുമാത്രമെ ഞാൻ വിചാരിച്ചിട്ടുള്ളു. പ്രസിഡണ്ടും, പ്രധാനമന്ത്രിയും, ഒരു വ്യക്തിതന്നെ ആകാൻ പാടില്ല എന്നു തത്വപരമായി ഒരു പ്രമേയം പാസ്സാക്കുന്നതിനുപകരം പട്ടം രാജിവയ്ക്കണമെന്ന വാദത്തിന്റെ ഉദ്ദേശ്യം എന്തിനാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. നാളത്തെ പത്രങ്ങളിൽ രാജിവയ്പിച്ചു എന്നു വലിയ അക്ഷരത്തിൽ അച്ചടിപ്പിക്കുന്നതിനു വേണ്ടിയല്ലെങ്കിൽ പിന്നെ എന്തിനാണു്. പ്രസ്താവനയ്ക്കുശേഷം കാര്യപരിപാടിയനുസരിച്ചു പ്രസിഡണ്ടു ആജ്ഞാപിച്ചതനുസരിച്ചു "പ്രധാനമന്ത്രിയുടെയും, കാൺഗ്രസ്സ് പ്രസിഡണ്ടിന്റെയും, സ്ഥാനങ്ങൾ ഒരാൾതന്നെ വഹിച്ചുകൊണ്ടുപോകുന്നതു ജനായത്തതത്വങ്ങൾക്കു വിരുദ്ധമാകയാൽ പ്രധാനമന്ത്രി ശ്രീ. പട്ടം കാൺഗ്രസ്സുപ്രസിഡണ്ടു സ്ഥാനം രാജിവയ്ക്കണമെന്നു് ഈ യോഗം അപേക്ഷിക്കുന്നു" എന്നു വരുന്ന പ്രമേയം മി: കെ. എം. ചാണ്ടി അവതരിപ്പിക്കുകയും, മെ: ചെറിയാൻ കാപ്പൻ, ജലാലുദീൻ, കെ: എ മാത്യു, എന്നിവർ അനുകൂലിച്ചും, മെ: പോൾ രത്നം, കെ. എൻ: കുഞ്ഞുകൃഷ്ണപിള്ള, എന്നിവർ പ്രമേയത്തെ എതിർത്തും സംസാരിക്കുകയുണ്ടായി എന്നും, 70 പേർ അനുകൂലിച്ചും, [illegible] പ്രതികൂലിച്ചും വോട്ടുചെയ്കയാൽ പ്രമേയം പാസ്സായതായും, ഉടനെതന്നെ ശ്രീ. പട്ടം പ്ലാററുഫോമിൽനിന്നിറങ്ങി മെംബറന്മാരുടെയിടയിൽ ഇരിക്കുകയുണ്ടായി എന്നും അറിയുന്നു: മന്ത്രി ശ്രീ. ടി. എം. വറുഗീസു് വോട്ടിംഗിൽ നിഷ്പക്ഷനില അവലംബിച്ചതായിട്ടാണറിവു്.

രണ്ടു മിനിററു് അരാജകത്വം.

അദ്ധ്യക്ഷനില്ലാതെ രണ്ടു മിനിററു നേരം സമ്മേളനം ഒരു അരാജകാവസ്ഥയിൽ കഴിഞ്ഞുകൂടി.

അദ്ധ്യക്ഷന്മാർ.

മി. കെ. ഏ മാത്യു ഇന്നത്തെ സമ്മേളനത്തിൽ തുടർന്നു് അദ്ധ്യക്ഷനായിരിക്കണമെന്നു മി. പി. റ്റി. ചാക്കോ അഭിപ്രായപ്പെട്ടു. അതു തീർച്ചയായും പാടില്ലെന്നു മി. മാത്തൂർ താണുപിള്ള വാദിച്ചു. മി കെ: പി. നീലകണ്ഠപ്പിള്ളയുടെയും, ശ്രീ. കമ്പളത്തിന്റെയും പേരുകൾ നിർദ്ദേശിക്കപ്പെട്ടു. പ്രസിഡണ്ടു തെരഞ്ഞെടുപ്പിനു് ആവശ്യമായ നോട്ടീസു് ഇല്ലാത്തതിനാൽ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുവാൻ ഇന്നത്തെ സഭയ്ക്കു് അവകാശമില്ലെന്നു മെ. ശാർങ്ങധരനും, ഇ വി. കേശവനും വാദിക്കുകയുണ്ടായി. നിയമപ്രകാരം പുതിയ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതുവരെ ഒരു ആക്ടിംഗ്പ്രസിഡണ്ടിനെ നിശ്ചയിക്കുവാൻ പ്രവർത്തകസമിതിക്കു് അധികാരമുണ്ടെന്നു് മി. മാടല്ലൂർ പ്രസ്താവിച്ചു.

താൽക്കാലികമായി നടപടിക്രമം തുടരുന്നതിനു സഭയുടെ അപേക്ഷപ്രകാരം ശ്രീ. പട്ടം അദ്ധ്യക്ഷപീഠത്തിൽ ആസനസ്ഥനായി. ഇതിനുശേഷം പ്രവർത്തകസമിതിഅംഗങ്ങൾ പ്രത്യേകം സമ്മേളിച്ചു. മി. കെ. എ. ഗംഗാധരമേനവനെ ആക്ടിംഗ്പ്രസിഡണ്ടായി നാമനിർദ്ദേശം ചെയ്തു. മി. മേനവന്റെ അദ്ധ്യക്ഷതയിൽ സഭാനടപടികൾ തുടർന്നു.

കൃതജ്ഞതയും അഭിനന്ദനവും

പ്രസിഡണ്ടു് എന്നനിലയിൽ ശ്രീ: പട്ടത്തിന്റെ ഇതഃപര്യന്തമുള്ള സേവനത്തിൽകൃതജ്ഞതയും, അഭിനന്ദനവും, രേഖപ്പെടുത്തുന്ന എന്ന പ്രമേയം മി: കെ. സി. മാത്യു, അവതരിപ്പിക്കുകയും മെ: എസ്. ശിവൻപിള്ള, എ. ആർ. കരയാളർ, കെ. എം. ചാണ്ടി, എന്നിവർ പിന്താങ്ങുകയുംചെയ്തു.

മി: പി. റ്റി. ചാക്കോ:— "ഈ പ്രമേയം ഞാനും അയച്ചിരുന്നതാണു്, അദ്ദേഹത്തിന്റെ സേവനം സ്വർണ്ണലിപികളിൽ രേഖപ്പെടുത്തണമെന്നുള്ളതാണു് എന്റെയും അഭിമതം. എന്നെപ്പററി അദ്ദേഹത്തിനു ചില തെററിദ്ധാരണകൾ ഉണ്ടെന്നു കരുതിയാണു് ഞാൻ ഇത്രയും പ്രസ്താവിച്ചതു്" എന്നു പറഞ്ഞതായറിയുന്നു.

ഭേദഗതി

പ്രസ്തുത പ്രമേയത്തിൽ അചഞ്ചലമായ വിശ്വാസവും എന്ന ഒരു ഭേദഗതികൂടി ചേർക്കണമെന്നു മി. ഇ. വി. കേശവൻ അഭിപ്രായപ്പെട്ടു. മി: കെ. ഇ. വേലായുധൻ പിന്താങ്ങി: മി: പി. റ്റി. ചാക്കോ ഭേദഗതിയെ എതിർത്തു മന്ത്രിസഭയുടെ പേരിൽ ഒരവിശ്വാസപ്രമേയം ഹാജരാക്കേണ്ടിവന്നാൽ ഈ ഭേദഗതി ഒരു പ്രതിബന്ധമായി തീരാനിടയുണ്ടെന്നു് പറഞ്ഞു് മി. പി. എം. വറുഗീസു് മി. ചാക്കോയുടെ അഭിപ്രായത്തോടനുകൂലിച്ചു. മെ. കരുണാകരപണിക്കർ, ശിവൻപിള്ള എന്നിവർ ഭേദഗതിയെ അനുകൂലിച്ചു മി പൊന്നറ ജി ശ്രീധർ ഈ ഭേദഗതിയുടെയും എതിർവാദങ്ങളുടെയും പുറകിൽ വലിയ അടിയൊഴുക്കുകളുണ്ടു് എന്നു് പറഞ്ഞു.

മി. കെ. സി. മാത്യു ഭേദഗതിയെ എതിർത്തു. മി. ഇ. വി. വേലായുധൻ ഭേദഗതിപ്രസ്സു് ചെയ്തു. എന്നാൽ പിന്നീടു് ശ്രീ കമ്പളത്തിന്റെ അഭിപ്രായപ്രകാരം പിൻവലിച്ചതായും പക്ഷെ പിൻവലിച്ചുകൂടായെന്നതിനെക്കുറിച്ചു് വലിയ ഒച്ചപ്പാടുണ്ടായതായും ഭേദഗതി വോട്ടിനിട്ടതിൽ 22 പേർ അനുകൂലിച്ചും 47 പേർ പ്രതികൂലിച്ചും 8 പേർ നിഷ്പക്ഷമായും വോട്ടു് ചെയ്തതായും തദനുസരണം ഭേദഗതി തള്ളിയെന്നും അറിയുന്നു.

മി. കെ. സി. മാത്യുവിന്റെ പ്രമേയത്തെ മെ. പൊന്നറ, പി. എസ്. നടരാജപിള്ള, മാത്തൂർ താണുപിള്ള, കളത്തിൽ വേലായുധൻ നായർ എന്നിവർ എതിർത്തുവെങ്കിലും പ്രമേയം ഭൂരിപക്ഷപ്രകാരം പാസാകുകയാണുണ്ടായതെന്നും അറിയുന്നു.

ഉച്ചയ്ക്കുശേഷം

തിരുവിതാംകൂർ, സ്റ്റേററു് കാൺഗ്രസ്സ് ഇന്ത്യൻനാഷണൽകോൺഗ്രസ്സിൽ ലയിപ്പിക്കണമെന്നും തിരുവിതാംകൂറിനെ പ്രത്യേക പ്രവിശ്യയായി അംഗീകരിച്ചു് പ്രവർത്തനം നടത്താൻ അനുവദിക്കണമെന്നുമുള്ള ഔദ്യോഗികപ്രമേയം മി. ടി. എം. വറുഗീസു് അവതരിപ്പിച്ചു മി. സി. കേശവൻ പിന്താങ്ങി, മി. കെ: രാമകൃഷ്ണപിള്ള അവതരിപ്പിച്ചപ്രമേയവും ഇതോടൊന്നിച്ചു് ചർച്ച ചെയ്യാനുണ്ടായിരുന്നു. പ്രമേയം തിരുവിതാംകൂറും കൊച്ചിയും കേരളാ കാൺഗ്രസ്സു കമ്മററിയുടെ ഘടകങ്ങളായിരിക്കണമെന്നും പാർലമെൻററി പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കേരളകാൺഗ്രസു് കമ്മററിയുടെ ഓരോ വിഭാഗത്തിനും സ്വയംഭരണസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും ആയതു പൂർണ്ണമായി സംരക്ഷിക്കുന്നതാണെന്നുമുള്ള എ. ഐ. സി. സി. യുടെ പ്രമേയത്തെ ഈ യോഗം അംഗീകരിക്കുന്നു. എന്നായിരുന്നു മി. രാമകൃഷ്ണപിള്ളയുടെ പ്രമേയത്തെ മി. കെ. ആർ. ഇലങ്കത്തു് പിൻതാങ്ങി. മി. പൊന്നറ ഇതിനു് ഒരു ഭേദഗതികൊണ്ടുവന്നു. അതു് ഔദ്യോഗികപ്രമേയത്തിന്റെ ഉത്തരാർദ്ധം എടുത്തുകളയണമെന്നായിരുന്നു. ഔദ്യോഗിക പ്രമേയത്തിന്റെ അവസാനത്തിൽ പ്രസ്തുത പ്രമേയാനുസരണം അഖിലേന്ത്യാ കാൺഗ്രസു് വർക്കിംഗ് കമ്മിററിയുടെ പ്രമേയം ഭേദഗതിചെയ്യണമെന്നു കൂടി ആവശ്യപ്പെട്ടുകൊണ്ടു്.

ശ്രീ. പട്ടം താണുപിള്ള പ്രസംഗിച്ചു "കെ. പി. സി. സി യുടെ ഒരു കീഴ്ഘടകമായി പ്രവർത്തിക്കാൻ തിരുവിതാംകൂറിനു് സാദ്ധ്യമല്ല. കെ പി സി സി യിൽ സ്റ്റേററുകാൺഗ്രസ്സിനെ ലയിപ്പിച്ചാൽ ഐക്യകേരളത്തെയുടനടി അനുകൂലിക്കുകയാണു് അതിന്റെ ഫലം, അങ്ങിനെ അനുകൂലിച്ചാൽ തമിഴനാട്ടുകാൺഗ്രസ്സുകാർ വലിയ കുഴപ്പങ്ങളുണ്ടാക്കും". അതുകൊണ്ടു ശ്രീ പട്ടത്തിന്റെ ഭേദഗതിയോടെ ഔദ്യോഗികപ്രമേയം അംഗീകരിക്കണമെന്നു ആവശ്യപ്പെട്ടു. മി: പാൾ രത്നം ഔദ്യോഗികപ്രമേയത്തെയും മി: പട്ടത്തിന്റെ ഭേദഗതിയെയും അനുകൂലിച്ചും കെ—പി—സി—സി യിൽ സ്റ്റേററുകാൺഗ്രസ്സു് ലയിപ്പിച്ചാൽ ദക്ഷിണതിരുവിതാംകൂർ തമിഴനാട്ടിൽ ചേരേണ്ടിവരും. അതു ഉത്തരവാദഭരണത്തെ ശിഥിലപ്പെടുത്തുകയായിരിക്കും. ജനങ്ങളോടുള്ള വാഗ്ദാനം പാലിക്കുന്നതിനു് ഔദ്യോഗികപ്രമേയം അംഗീകരിച്ചു മുമ്പോട്ടു പോകുകയാണു് വേണ്ടതു്. മി. ശിവൻപിള്ള ഔദ്യോഗിക പ്രമേയത്തെ അനുകൂലിച്ചു മി: കെ. എൻ. കുഞ്ഞുകൃഷ്ണപിള്ള "സ്റ്റേററുകാൺഗ്രസു് കെ. പി. സി. സിയിൽലയിപ്പിച്ചാൽവടക്കുപടിഞ്ഞാറെ അതിർത്തി പ്രദേശങ്ങളിലെ ഹിന്ദുക്കൾക്കും അബ്ദുൾഗാഫർഖാനും ഉണ്ടായ അനുഭവം ദക്ഷിണ തിരുവിതാംകൂറിനു് ഉണ്ടാകും. അതിനാൽ കെ പി സി സി യിൽ ചേരുതെന്നും ഔദ്യോഗികപ്രമേയത്തെ അനുകൂലിക്കണമെന്നും അഭ്യർത്ഥിച്ചു. മി, സുന്ദരേശപിള്ള ദക്ഷിണ തിരുവിതാംകൂറുകാരായ കെ. ആർ. ഇലങ്കത്തും ജി. ചന്ദ്രശേഖരപിള്ളയും സ്റ്റേററു കാൺഗ്രസ്സു് കെ. പി. സി. സി യിൽ ലയിപ്പിക്കണമെന്നു പറയുന്നതുദക്ഷിണതിരുവിതാംകൂറുകാരനായ എനിക്കു മനസ്സിലാകുന്നില്ല"എന്നുപറയുകയുണ്ടായി.

മി. പി. റ്റി. ചാക്കോ കെ. പി: സി. യിൽ ലയിക്കണമെന്നു പ്രസ്താവിച്ചു അഗസ്ത്യൻ വഴുതനപ്പിള്ളി, കെ. ഇ. വേലായുധൻ എന്നിവർ ഔദ്യോഗികപ്രമേയത്തെയും രാമകൃഷ്ണപിള്ളയുടെ പ്രമേയത്തെയും എതിർത്തു പ്രസംഗിച്ചു. മെ: മുത്തുകറുപ്പാപിള്ള, എ. ശങ്കരപ്പിള്ള എന്നിവർ ഔദ്യോഗികപ്രമേയത്തോടു അനുകൂലിച്ചു പ്രസംഗിച്ചു. മി: കെ. രാമകൃഷ്ണപിള്ളയുടെ മറുപടിപ്രസംഗത്തിൽ തന്റെ പ്രമേയം അംഗീകരിക്കണമെന്നു് ആവശ്യപ്പെട്ടു. മി. ടി. എം. വറുഗീസിന്റെ മറുപടി പ്രസംഗത്തിൽ മി. രാമകൃഷ്ണപിള്ളയുടെ പ്രമേയം ഏ. റ്റി. സി. സി. അംഗീകരിക്കുന്നതിനാൽ ഐക്യകേരളവാദം ഒരിഞ്ചുപോലും മുന്നോട്ടു പോകുന്നില്ലെന്നും എന്നാൽ ദക്ഷിണ തിരുവിതാംകൂറുകാരായ 10 ലക്ഷം ജനങ്ങൾക്കു് ഏ. റ്റി. സി. സി. യിലുള്ള വിശ്വാസം നശിക്കുകയും ചെയ്യുമെന്നും അതുകൊണ്ടു് ആ പ്രമേയം അംഗീകരിച്ചാൽ ഗുണമില്ലെന്നു തന്നെയല്ല ദോഷവുമുണ്ടെന്നും വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഔദ്യോഗികപ്രമേയം അംഗീകരിക്കുകയാണു് വേണ്ടതെന്നും പ്രസ്താവിച്ചു. മി. ശ്രീധറിന്റെ ഭേദഗതി തള്ളപ്പെട്ടു.

കെ. പി. സി. സി. യിൽ ലയിക്കുന്നു

മി. രാമകൃഷ്ണപിള്ളയുടെ പ്രമേയം വോട്ടിനിട്ടതിൽ 39 പേർ അനുകൂലിച്ചും 32 പേർ പ്രതികൂലിച്ചും വോട്ടുചെയ്തു. 7 പേർ നിഷ്പക്ഷനില അവലംബിച്ചു. ഇതുപാസ്സാക്കിയതോടെ ഔദ്യോഗികപ്രമേയം തള്ളപ്പെട്ടു. അനന്തരം കഴിഞ്ഞ ഏ. റ്റി. സി: സി. യുടെ റിപ്പോർട്ടു വായിച്ചു പാസ്സാക്കി. അതിനുശേഷം മി. പൊന്നറ അഖിലേന്ത്യാ "കാൺഗ്രസ്സു് വർക്കിംഗ് കമ്മററിയുടെ തീരുമാനം ആദരിച്ചു് കെ. പി. സി സി യിൽ ലയിച്ചുകഴിഞ്ഞിരിക്കുന്ന ഈ സമിതിക്കു് എന്തെങ്കിലും പ്രവർത്തിപ്പാൻ അധികാരമില്ലെന്നും അതുകൊണ്ടു നടപടികൾ നിർത്തിവയ്ക്കണമെന്നും ഒരു പായിൻറു് ഓഫു് ആർഡർ കൊണ്ടുവന്നു. മി. ടി. എം വറുഗീസു അതിനു ഒരു വിശദീകരണം നൽകി. (സന്ദേശം അപൂർണ്ണം)

വിമർശനവീഥി

ഏത്ര പരിതാപകരം:-

ഇന്നലത്തെ ഏ. റ്റി. സി. സി. യോഗത്തിൽ ശ്രീ പട്ടം താണുപിള്ള കാൺഗ്രസ്സുപ്രസിഡണ്ടുസ്ഥാനം രാജിവയ്ക്കണമെന്നുള്ള പ്രമേയം ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സായതനുസരിച്ചു അദ്ദേഹം തൽസ്ഥാനം രാജിവയ്ക്കുകയും പകരം മി. ഗംഗാധരമേനോനെ ആക്ടിംഗ് പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നതായി ഇപ്പോൾ അറിയുന്നു. ഈ തീരുമാനം വ്യവസ്ഥാപിതമാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ ഏററവും വലിയ പരാജയമായി വിചാരിക്കുന്നതിൽ തെററില്ല. താലൂക്കുകമ്മററികൾ പലതും, മിക്ക ഏ. റ്റി. സി. സി. അംഗങ്ങളും അദ്ദേഹം പ്രധാനമന്ത്രിപദം ഏററപ്പോൾമുതൽ കാൺഗ്രസ്സുപ്രസിഡണ്ടുസ്ഥാനം രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടിരുന്നതാണു്. രണ്ടു സ്ഥാനങ്ങളുംകൂടി ഒരാൾ വഹിച്ചുകൊണ്ടുപോകുന്നതു തത്വത്തിനു വിപരീതമോ എന്നുള്ള പ്രശ്നം ഇപ്പോൾ ഉദിക്കുന്നേ ഇല്ല. ഏതായാലും അദ്ദേഹം രാജിവയ്ക്കാതിരിക്കുകയും രാജിവയ്പിക്കാനിടയാക്കുകയും ചെയ്തസ്ഥിതിക്കു ആ തീരുമാനം ഒരവിശ്വാസപ്രമേയത്തിനു തുല്യമാണെന്നുള്ളതിൽ അഭിപ്രായഭേദത്തിനു വകയില്ലതന്നെ. നേരത്തെകൂട്ടി സ്വയമായി രാജിവയ്ക്കാതെ ഇത്തരം ആത്മഹത്യാപരവും ബുദ്ധിശൂന്യവും ആയ ഒരു ചുററുപാടു് അദ്ദേഹം സൃഷ്ടിച്ചതിൽ വളരെ അത്ഭുതവും കുണ്ഠിതവും ഉണ്ടു്. സ്ഥാനമാനങ്ങളെക്കാളും വലുതാണു് അഭിമാനം. ഹാ കഷ്ടം! അനന്തരകരണീയം എന്തു്? ജനകീയസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവർക്കു ഒരു ഉപാധിയേ ഉള്ളു. ഇന്നത്തെ പാർട്ടിമീററിംഗിൽ പ്രധാനമന്ത്രി വിശ്വാസപ്രമേയം ഹാജരാക്കേണ്ടതു അത്യന്താപേക്ഷിതമാണു്. മന്ത്രിസഭ വിശ്വാസം ആർജ്ജിക്കാതെയും അവകാശപ്പെടാതെയും ഇനിയും ഇഴഞ്ഞുഇഴഞ്ഞു അഭിമാനമില്ലാതെ, അവഹേളനപാത്രങ്ങളായി തുടർന്നുപോകുവാൻ ശ്രമിക്കുന്നതു അവർക്കു ആപൽക്കരവും നാട്ടിനു നാശകരവും ആണു്. എന്നതന്നെയുമല്ല അത്തരം അന്തസ്സാരവിഹീനമായ 'കുത്തിയിരിപ്പുനയം' ഒരു ദുഷിച്ച, നീചമായ പാരമ്പര്യം സൃഷ്ടിക്കുകകൂടി ചെയ്യുവാൻ പര്യാപ്തമായിരിക്കും.

ഇപ്പോൾ, ഈ രാജ്യത്തു് നടമാടുന്ന വിനാശകരവും ലജ്ജാവഹവുമായ ജനകീയവേദാന്തം വിഷവായുവിനു് തുല്യമായി ശ്വാസംമുട്ടിക്കുന്നതാണെങ്കിലും, ജനകീയം പാടിയും തലോടിയും വന്നവർക്കു് ഡിമോക്രസിയുടെ മൌലികസിദ്ധാന്തങ്ങളെ അവഗണിക്കാൻ സാദ്ധ്യമല്ല. അഭിമാനകരമല്ലാത്ത അനേകം രംഗങ്ങളിൽ കൂടി മന്ത്രിസഭയും പാർട്ടിയും ഈ ചുരുക്കകാലയളവിൽ പ്രയാണം ചെയ്തിട്ടുണ്ടെങ്കിലും, ചീഞ്ഞുനാറുന്നതിനു് ഇടയാക്കാതെ മന്ത്രിസഭ ഇന്നത്തെ പാർട്ടിമീററിംഗിൽ വിശ്വാസപ്രമേയം ഹാജരാക്കി ബഹുഭൂരിപക്ഷവിശ്വാസത്തോടുകൂടി മുന്നോട്ടു പോകുകയോ അല്ലാത്തപക്ഷം ഉടൻ രാജി സമർപ്പിച്ചു് പിരിയുകയോ ചെയ്യുന്നതു് രാജ്യത്തോടു ചെയ്യുന്ന ഒരു വലിയ ഉപകാരമായി രാഷ്ട്രീയപിത്തലാട്ടങ്ങളില്ലാത്ത ജനങ്ങൾ സമാശ്വസിക്കും.

ദേശബന്ധു

1124 കന്നി 23 ശനി

സ്വാഗതാർഹം

വേണ്ട കാര്യങ്ങൾ യഥാവസരം ചൂണ്ടിക്കാണിക്കപ്പെട്ടാലും വേണ്ട സമയത്തു് വേണ്ടതുപോലെ അതു് ചെയ്യുവാനുള്ള ഔചിത്യബുദ്ധിയെ ദൈവാധീനമോ തികഞ്ഞവർ പലപ്പോഴും അപൂർവമാണു്. ദാതാവിനും ഗ്രഹീതാവിനും ഒരുപോലെ പ്രശസ്തിയും സൌഭാഗ്യവും ചേർക്കുന്ന ഈ വിവേകബുദ്ധി വ്യക്തികൾക്കെന്നതുപോലെതന്നെ ഭരണകർത്താക്കൾക്കും ഒരു മഹാനുഗ്രഹമാണു്. ഒരു പേ കമ്മീഷനെയും, വിദ്യാഭ്യാസ പ്രശ്നങ്ങൾ സംബന്ധിച്ചു് ഒരു അന്വേഷണക്കമ്മറ്റിയേയും, കുടിപാർപ്പു് കമ്മറ്റിയേയും നിയമിച്ചുകൊണ്ടു് നമ്മുടെ മന്ത്രിസഭ 124 കന്നി 21-ാം൹ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ ഇപ്രകാരം ഒരു ദൈവാധീനത്തിനോ വിവേകത്തികവിനോ മാതൃകയായിത്തങ്ങളെ ആകർഷിക്കുന്നില്ല. പക്ഷെ, പശ്ചാത്തപിച്ചിട്ടു ഫലമില്ലാതവണ്ണം അത്രമാത്രം കാത്തിരിക്കാതെ ചെയ്യപ്പെട്ട ഒരു ഉചിതകർമ്മം എന്ന നിലയിൽ ഇപ്പോഴത്തെ തീരുമാനങ്ങൾ സ്വാഗതാർഹമായി കാണപ്പെടുന്നു.

പാർട്ടിയിലും രാജ്യത്തും പല ആക്ഷേപങ്ങളും എതിർപ്പുകളും ഒഴിച്ചുവയ്ക്കത്തക്കവണ്ണവും, ദുർവഹമായ പ്രാരബ്ധബന്ധങ്ങളിൽ കുടുങ്ങി മന്ത്രിസഭ അടിയന്തിരകരണീയങ്ങൾ പലതിനും കെൽപ്പും സൌകര്യവും ലഭിക്കാതെ അങ്ങനെ കിടന്നു കുഴയാതിരിക്കത്തക്കവിധവും പ്രാധാന്യമേറിയ വിവിധപ്രശ്നങ്ങളെപ്പറ്റി അന്വേഷിച്ചു് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കു് ഏതാനും കമ്മറ്റികളെ നിയോഗിക്കണമെന്നു്, ജനകീയമന്ത്രിസഭ നിലവിൽവന്ന കാലംമുതൽക്കു ഞങ്ങൾ ഈ പംക്തികളിൽ ആവർത്തിച്ചു് ഉൽബോധിപ്പിച്ചിട്ടുള്ളതാണു്. തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ പ്രസ്താവിച്ചിട്ടുള്ള വിവിധ കർമ്മപരിപാടികളെപ്പറ്റി വിദഗ്ദ്ധവും വിശദവുമായ പര്യാലോചനങ്ങൾ നടത്തി, ഭരണപരമായ പ്രായോഗികപരിഗണനകൾക്കു മുൻഗണന നൽകി വേണ്ട ശുപാർശകൾ ചെയ്യത്തക്കവിധം ചില വിദഗ്ദ്ധക്കമ്മറ്റികളെ നിയമിക്കേണ്ടതിന്റെ അടിയന്തിരാവശ്യവും ശക്തിയായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണു്.

എന്നാൽ, പ്രതിജ്ഞാലംഘനം തുടങ്ങി ആത്മാഭിമാനത്തെപ്പോലും ക്ഷതപ്പെടുത്തുന്ന ആരോപണങ്ങൾക്കും; നാട്ടിൽ അസംതൃപ്തിയും ശിക്ഷണരാഹിത്യവും പടർത്തുന്ന പ്രക്ഷോഭണങ്ങൾക്കും യഥാശക്തി വഴി തെളിച്ചുകൊടുക്കുന്നതിൽ ഉൽസുകമെന്നു തോന്നിക്കത്തക്കവണ്ണം നമ്മുടെ മന്ത്രിസഭ മിനിയാന്നു (21-2-1124) വരെ ഇക്കാര്യത്തിൽ ഒരുമാതിരി ശ്മശാനമൌനം പാലിച്ചുപോരികയായിരുന്നു. മന്ത്രിസഭ രൂപീകരിച്ചു് ഒരു മാസം തന്നെ തികയുന്നതിനു മുമ്പു് ആലപ്പുഴ നടന്ന തൊഴിലാളിപ്രക്ഷോഭണത്തിന്റെ കാര്യത്തിലാകട്ടെ, മന്ത്രി ശ്രീ. ജി. രാമചന്ദ്രൻ പ്രസംഗാഭ്യർത്ഥനയുമായി ചെന്ന ടൌൺ ഹാളിൽനിന്നു് അവമാനിതനായി പിരിഞ്ഞ ആയുർവേദ കാളേജ് വിദ്യാർത്ഥിപ്രക്ഷോഭണത്തിന്റെ വിഷയത്തിലാകട്ടെ, ഏറ്റവും ഇദാനീന്തനമായി ഇപ്പോൾ പാർട്ടിസിസ്റ്റം സംബന്ധിച്ചുള്ള പ്രക്ഷോഭണസംഗതിയിലാകട്ടെ -ജനവിഭാഗങ്ങളിൽ ക്ഷോഭം ഇളക്കിവിടാനുപയുക്തമായ ഇതുപോലുള്ള കാര്യങ്ങളിലെല്ലാം-നമ്മുടെ മന്ത്രിസഭ, ഈയിടെമാത്രം ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ "അടിയുംകൊണ്ടു്, പുളിയും തിന്നു്, കരവും കൊടുത്തു" എന്നുള്ള സമ്പ്രദായത്തിൽ അശേഷം പ്രശംസാർഹമോ പ്രയോജനകരമോ ആയ മനോഭാവവും നയവും അല്ലാ കൈക്കൊണ്ടിട്ടുള്ളതു്.

അതുപോലെ തന്നെ വിദ്യാഭ്യാസപ്രശ്നം, ഐക്യകേരളം തുടങ്ങിയ പ്രക്ഷോഭണവിഷയങ്ങൾ സംബന്ധിച്ച ചില കമ്മറ്റികളെയും, മന്ത്രിമാരുടെകൃത്യഭാരം ലഘൂകരിക്കുന്നതിനും ഭരണനിർവഹണവിഷയത്തിൽ ജനങ്ങളുടെ പ്രതിനിധികൾക്കു സജീവസേവനം നിർവഹിക്കുന്നതിനും പര്യാപ്തമായ രീതിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ സംബന്ധിച്ചു് ഉപദേശകക്കമ്മറ്റികളെയും ഉടനടി നിയമിക്കണമെന്നു്, ആസന്നമായ എ. റ്റി. സി. സി. സമ്മേളനം മുൻനിറുത്തി ഇക്കഴിഞ്ഞ 20-ാം൹-പോലും ഞങ്ങൾ ശക്തിയായി വാദിച്ചിരുന്നു. ഞങ്ങൾ അന്നു നിർദ്ദേശിച്ചിരുന്നതുപോലെ വ്യവസായം, ലേബർ, ഗ്രാമോദ്ധാരണം, ട്രാൻസ്പോർട്ടു, വിദ്യാഭ്യാസം, പി. ഡബ്ലിയു. ഡി. തുടങ്ങിയ വകുപ്പുകൾ സംബന്ധിച്ചുള്ള കമ്മറ്റികൾ ഇനിയും നിയമിതമാകേണ്ടിയിരിക്കുന്നു. ഇപ്പോൾ പ്രഖ്യാപിതമായിരിക്കുന്ന പേ കമ്മീഷൻ, വിദ്യാഭ്യാസാന്വേഷണക്കമ്മറ്റി എന്നിവയെത്തുടർന്നു പ്രസ്തുത കമ്മറ്റികൾകൂടെ ഇനിയും പ്രക്ഷോഭണങ്ങൾക്കിടയാക്കാതെ, നിയമിതമാകുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ അവസരത്തിൽ ഒരു കാര്യംകൂടെ ഗവർമ്മെന്റിനെ അനുസ്മരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതായതു്, ഇപ്പോൾ നടത്തിയിരിക്കുന്നതുപോലെയുള്ള കമ്മറ്റികളുടെ നിയമനത്തിനു് നിദാനമായ തത്വവും നയവും തികച്ചും ഞങ്ങളുടെ ആനുകൂല്യത്തിനും അനുമോദനത്തിനും പാത്രമാണു്. പക്ഷെ, ഇത്തരം കമ്മറ്റികളിലേക്കു് അംഗങ്ങളെ നിയമിക്കുന്ന കാര്യത്തിൽ ഏതെങ്കിലും പ്രീണിപ്പിക്കൽ നയത്തിന്റെയോ പരാജയമനോഭാവത്തിന്റെയോ സ്ഫുരണംപോലും ന്യായമായി സന്ദേഹിക്കുവാൻ ഒരു കാരണവശാലും ഇട നൽകിക്കൂടാത്തതാണു്. മന്ത്രിസഭ സ്വമേധയാ പ്രവർത്തിച്ചതല്ലാ പിന്നെയോ മന്ത്രിസഭയെക്കൊണ്ടു് പ്രവർത്തിപ്പിച്ചതാണു്; അഥവാ തന്നതല്ലാ പിടിച്ചുവാങ്ങിച്ചതാണു് എന്നു് പറയാനും പറയിപ്പിക്കുവാനും അവസരം അശേഷം നൽകാതെ ഇനിയെങ്കിലും സന്ദർഭോചിതമായി കാര്യങ്ങൾ ചെയ്യുവാൻ മന്ത്രിസഭ സന്നദ്ധമാകുന്നപക്ഷം "വേണ്ടതുപോലെ അതു ചെയ്തു" എന്നുള്ള സ്വയം ചാരിതാർത്ഥ്യത്തിനും സംതൃപ്തിക്കുംകൂടെ അവകാശം ഉണ്ടാകുന്നതാണു്.

ശ്രീ. പട്ടം സ്റേറ. കോ. പ്രസിഡണ്ടുപദം രാജിവച്ചു

പുതിയ പ്രസിഡണ്ടായിശ്രീ. ഗംഗാധര മേനോൻ തെരഞ്ഞെടുക്കപ്പെട്ടു

എ. റ്റി. സി. സി. പുതിയ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ തുടരുന്നു

(സ്വന്തം പ്രതിനിധി) തിരുവനന്തപുരം, കന്നി 22

ഇന്നു് എ. റ്റി. സി. സി. സമ്മേളനത്തിൽ വച്ചു് തിരുവിതാംകൂർ സ്റ്റേ. കാൺഗ്രസ് പ്രസിഡണ്ടു് ശ്രീ. പട്ടം താണുപിള്ള ഒരു പ്രമേയത്തെ തുടർന്നു് സ്റ്റേ. കാ. പ്രസിഡണ്ടുപദം രാജിവച്ചിരിക്കുന്നു. മി. കെ. എ. ഗംഗാധരമേനോനെ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. രാവിലെ 11 മണിക്കാണു് ശ്രീ. പട്ടം രാജിവച്ചതു്. പതിനൊന്നരമണിക്കു പുതിയ പ്രസിഡണ്ടു് ചാർജ്ജെടുത്തു. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ എ. റ്റി. സി. സി. നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു.

ഇന്നു് രാവിലെ 11 മണിക്കു എ. റ്റി. സി. സി. സമ്മേളിച്ചപ്പോൾ, ശ്രീ: പട്ടം താണുപിള്ള പ്രസിഡൻറുസ്ഥാനം രാജിവയ്ക്കണമെന്നുള്ള പ്രമേയം ശ്രീ: പി. റ്റി. ചാക്കോ അവതരിപ്പിച്ചതിനെ തുടർന്നു ശ്രീ. പട്ടം പ്രസിഡൻറുസ്ഥാനം രാജിവയ്ക്കുകയാണുണ്ടായതു്. രാജിയെത്തുടർന്നു പുതിയ പ്രസിഡൻറിനെ തെരഞ്ഞെടുക്കുവാൻ ശ്രീ. പട്ടത്തിന്റെ അദ്ധ്യക്ഷതയിൽതന്നെ എ. റ്റി. സി. സി. തുടർന്നു എങ്കിലും വർക്കിംഗുകമ്മറ്റിയുടെ അവകാശമാണതെന്നു വാദിക്കപ്പെട്ടതനുസരിച്ചു ശ്രീ. റ്റി. എം. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ വർക്കിംഗ്കമ്മറ്റി മെമ്പറന്മാർ രഹസ്യമായി സമ്മേളിക്കുകയും അഞ്ചുമിനിറ്റിനകം ശ്രീ കെ. എ. ഗംഗാധരമേനോനെ പുതിയ പ്രസിഡൻറായി തെരഞ്ഞെടുക്കുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പു് എ. റ്റി. സി. സി. അംഗീകരിച്ചു. എ. റ്റി. സി. സി. പുതിയ പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ തുടരുന്നു:

10000 രൂപയ്ക്കുള്ള രണ്ടു ജാമ്യക്കാർ

2 പോലീസുദ്യോഗസ്ഥന്മാരുടെ കാവലിൽ പ്രത്യേകഗൃഹത്തിൽ താമസം

ദാമോദരൻ കേസ്സിൽ പ്രതിക്കു് ജാമ്യമനുവദിച്ചുകൊണ്ടുള്ള സെഷൻസു് ജഡ്ജിയുടെ വിധിന്യായം

(തുടർച്ച)

ശരിയാണെങ്കിൽ തന്നെയും

അതു് ശരിയാണെങ്കിൽത്തന്നെയും, മുമ്പുതന്നെ അന്യോന്യം അകന്നുകഴിഞ്ഞ കൂട്ടുകാർ കുടുക്കിലകപ്പെടുത്താതിരിക്കുവാൻവേണ്ടി അവരെ കബളിപ്പിക്കുവാൻ എടുത്ത ഒരുപായമായിരിക്കാം അതെന്നു കരുതാം. പ്രതിയുടെവാദവും ആ അഭിപ്രായവും തമ്മിൽ നല്ലയോജിപ്പുണ്ടു്. അല്ലാതെ അഡ്വക്കേറ്റു ജനറാൾ പറയുന്നപോലെ നിയമപ്രകാരമുള്ള നടപടികളെയും വിചാരണയെയും ഭയപ്പെട്ടുള്ള ഓടിപ്പോക്കിന്റെ ലക്ഷണമൊന്നും അതിൽക്കാണുന്നില്ല. എന്നാൽ 11-ാം നമ്പർ കേസാകട്ടെ ഗവർമ്മെന്റിനുവേണ്ടി ഫുഡ്സപ്ലൈ ഡയറക്ടർ പ്രതിയുടേയും മറ്റും പേരിൽ ഫയലാക്കിയിട്ടുള്ളതാണു്. കള്ളയൊപ്പു് ക്രിമിനൽ മിസ്സ് അപ്രോപ്രിയേഷൻ മുതലായകുറ്റങ്ങൾ ചെയ്തു പ്രതികൾ അഞ്ചലക്ഷം ഉറുപ്പിക തന്റെ ഡിപ്പാർട്ടുമെന്റിൽനിന്നു് അപഹരിച്ചിരിക്കുന്നുവെന്നാണു് അതിൽ പറയുന്നതു്. ആ പണവും ഈ കേസ്സിൽ ഉൾപ്പെട്ട സംഖ്യയും ഒന്നാണെന്നു് അഡ്വക്കേറ്റു് ജനറാൾ പറയുന്നു. ആ സ്ഥിതിക്കു് ആ കേസ്സന്വേഷണം പൂർത്തിയായി കോടതിയിൽ ചാർജ്ജുകൊടുത്താൽ ഈ കേസ്സ് കേവലം നിഷ്പ്രഭമാകും. ഇതിലെ പണം അന്യായക്കാരനോ പ്രതിക്കോ കിട്ടുകയില്ലെന്നുംവരും. ആ സ്ഥിതിക്കു് പ്രതി ഈ കേസ്സിൽ വാദം നടത്തുന്നതിനു നിൽക്കാതെ ഓടിപ്പോയേക്കുമെന്നുള്ള വാദം ഗൌരവമുള്ളതാണു്. ഈ കേസ്സിലെ പണത്തിന്റെ ഉടമസ്ഥനെന്നു പറയപ്പെടുന്ന മി: ജേംസ് കണക്കുകൾ ഹാജരാക്കിയോ മറ്റോ പണത്തിന്റെ ഉടമസ്ഥത ഇതുവരെയും തെളിയിച്ചിട്ടുമില്ല. ഇങ്ങിനെയൊക്കെയുള്ള പരിതഃസ്ഥിതികളിൽ അഡ്വക്കേറ്റുജനറാളുടെ വാദം കേവലം തള്ളിക്കളയുക വയ്യാ. പക്ഷെ പ്രതിയുടെ ജാമ്യാപേക്ഷ നിശ്ശേഷം തള്ളിക്കളയുവാനും നിവൃത്തിയില്ല. ആ നിലയിൽ ഒരു താൽക്കാലിക ഏർപ്പാടെന്നനിലയിൽ ചില പ്രത്യേക നിബന്ധനകളോടുകൂടി പ്രതിക്കു ജാമ്യം അനുവദിച്ചിരിക്കുന്നു.

ജാമ്യമനുവദിക്കുന്നു

പ്രതി രണ്ടുപോലീസ്സുദ്യോഗസ്ഥന്മാരുടെ കാവലിൽ ഒരു പ്രത്യേക ഗൃഹത്തിൽ താമസിക്കണം. ആ പോലീസ്സുദ്യോഗസ്ഥന്മാരുടെ ശമ്പളം പ്രതി കൊടുക്കണം. തൃശ്ശിവപേരൂരിലെ ആ ഗൃഹത്തിൽ നിന്നു ആവശ്യംപോലെ പെരിങ്ങോട്ടുകരയുള്ള സ്വഭവനത്തിൽ പോയിവരുവാനുള്ള സ്വാതന്ത്ര്യം പ്രതിക്കുണ്ടു്. മറ്റെവിടെങ്കിലും പോകണമെങ്കിൽ പോലീസ്സുകമ്മീഷണരുടെ അനുമതിവേണം. 11-ാം നമ്പർ കേസ്സിനെസ്സംബന്ധിച്ച പോലീസ്സിനു വേണ്ടുന്ന വിവരങ്ങൾ നൽകുവാനുംമറ്റും പ്രതി തയ്യാറായിരിക്കണം. സ്വന്തം നിയമോപദേഷ്ടാക്കളുമായോ മാതാപിതാക്കളുമായോ കണ്ടു സംസാരിക്കുവാൻ പ്രതിക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. മറ്റു വല്ലവരേയും കണ്ടു സംസാരിക്കണമെങ്കിൽ അതു പോലീസ്സുദ്യോഗസ്ഥന്റെ മുമ്പിൽ വെച്ചേ പാടുള്ളു.

മേൽകാണിച്ച നിബന്ധനകൾ മാറ്റികിട്ടുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ പ്രതിക്കു ഹർജി ബോധിപ്പിക്കാവുന്നതാണു്. ഈ നിബന്ധനകളോടുകൂടി 10000ക. യ്ക്കുള്ള രണ്ടു ജാമ്യക്കാരോടുകൂടി ഒരു ജാമ്യക്കച്ചീട്ടു സമർപ്പിച്ചു പ്രതിക്കു മോചനം നേടാവുന്നതാണു്.

സുഹൃത് സന്ദർശനം

നെഹ്റു മൌണ്ടുബാററന്റെ വസതിയിൽ

ഹാംപ്ഷയർ, ഒക്ടോബർ 8

പണ്ഡിത നെഹ്റു, മൌണ്ടുബാററൻപ്രഭുവിന്റെ ഇവിടെയുള്ള ഗ്രാമീണ വസതിയിൽ എത്തിച്ചേർന്നു. കോമൺവെൽത്തു് പ്രധാനമന്ത്രികളുടെ സമ്മേളനം തുടങ്ങുന്നതിനു മുമ്പു് കുറച്ചുദിവസം അദ്ദേഹം ഇവിടെ താമസിക്കുന്നതാണു്. ലണ്ടൻ വിടുന്നതിനുമുമ്പു് അദ്ദേഹം പ്രധാന മന്ത്രി അറ്റ്ലിയുമൊത്തു് മൂന്നു മണിക്കൂർ നേരത്തോളം സംഭാഷണം നടത്തിയിരുന്നു. ലണ്ടനിലെ ഇന്ത്യാഹൌസിൽ ചെന്നു് അദ്ദേഹം മഹാത്മാഗാന്ധിയുടെ പ്രതിമകളുടെയും ഛായാപടങ്ങളുടെയും ഒരു പ്രദർശനം പരിശോധിക്കുകയുമുണ്ടായി. (റായിട്ടർ)

137 കോടി രൂപാ പ്രതിഫലത്തിനു്

ലക്നൌ, ഒക്ടോബർ 8

137 കോടിയോളം വരുന്ന ഒരു സംഖ്യ പ്രതിഫലം കൊടുത്തു് ഭൂമിയിലെ മദ്ധ്യവർത്തിത്വാവകാശമെല്ലാം ഇല്ലാതാക്കുന്നതിനു്, സെമിന്ദാരി സമ്പ്രദായം നിറുത്തലാക്കുന്നതിനെപ്പറ്റി പരിഗണിക്കാൻ ഐക്യസംസ്ഥാനഗവർമ്മെന്റിനാൽ നിയുക്തമായ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു. അടുത്ത ജനുവരിയിലെ നിയമസഭാസമ്മേളനത്തിൽ ഈ കാര്യം ചർച്ച ചെയ്യുന്നതാണെന്നു പ്രധാനമന്ത്രി ശ്രീ. ഗോവിന്ദവല്ലഭ പന്തു് പറഞ്ഞു. (എ. പി.)

കാൺഗ്രസുകാരെ കൂലിപ്പട്ടാളമാകരുതു്.

യാതനകളെന്നുപറഞ്ഞുകണ്ടമാനമുള്ള നഷ്ടപരിഹാരാഭ്യർത്ഥനകൾ.

ശ്രീ. മശ്രൂവാല ഹരിജനിൽ ഇങ്ങനെ എഴുതുന്നു:—

രാഷ്ട്രീയമായി യാതനകൾ അനുഭവിച്ചവർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള മദ്രാസു് ഗവർമ്മെൻറിന്റെ ഒരു പദ്ധതിയിലേയ്ക്കു് ഒരു ലേഖകൻ എന്റെ ശ്രദ്ധയെ ക്ഷണിച്ചിരിക്കുന്നു. ആ പ്രസ്ഥാനത്തിൽ പങ്കുകൊണ്ടവരുടെ നേരെ കാണിക്കുന്ന വിശേഷാനുകൂല്യത്തിന്റെ വ്യാപ്തിയും തോതും വെളിവാക്കുന്ന ഒരു പ്രസ്താവനയുടെ ഭാഗവും അയച്ചുതരപ്പെട്ടിട്ടുണ്ടു്. അതിൽഇങ്ങനെ കാണുന്നു:—

"നിസ്സഹകരണപ്രസ്ഥാനത്തിൽ നേരിട്ടു പങ്കെടുക്കുകയും ശിക്ഷ വരിക്കുകയും ചെയ്തവർ മാത്രമല്ല യഥാർത്ഥത്തിൽ ശിക്ഷിക്കപ്പെടാതെ കുറച്ചുകാലമെങ്കിലുംജയിലിൽ ഇരിക്കേണ്ടിവന്നവരും ഭൂമി പതിച്ചുകൊടുക്കേണ്ട കാര്യത്തെ സംബന്ധിച്ചിടത്തോളം യാതനക്കാരായി ഗണിക്കപ്പെടുന്നതാണെന്നു് മദ്രാസ്ഗവണ്മെന്റു് വ്യക്തമാക്കിയിട്ടുണ്ടു്.

രാഷ്ട്രീയമായി യാതനയനുഭവിച്ചിട്ടുള്ള എല്ലാ സ്ത്രീപുരുഷന്മാരും അവരുടെ സ്ഥാവരജംഗമസ്വത്തുകൾ ഗണിക്കപ്പെടാതെ ഭൂമി കിട്ടുന്നതിനു് അർഹരാണെന്നു് ഗവണ്മെന്റു് വ്യക്തമാക്കിയിട്ടുമുണ്ടു്.

ഇന്ത്യൻ എക്സ്പ്രസ്സ്

28-7-48

ഈ റിപ്പോർട്ടു ശരിയാണെങ്കിൽ അധികാരത്തിലിരിക്കുന്ന ഒരു പാർട്ടി അവർക്കു് കൈവന്നിട്ടുള്ള ആ അധികാരം പ്രയോഗിച്ചു സ്വയം അധികാരദാർഢ്യം സാധിക്കുന്ന ഒരു പദ്ധതിയാണിതെന്നു തോന്നിപ്പോകുന്നു. മററു പാർട്ടികൾക്കു്, അവയിലേതെങ്കിലുമൊന്നു് അധികാരത്തിൽ വന്നാൽ അനുവർത്തിക്കാവുന്ന ഒരു ചീത്ത മാതൃക കാണിച്ചുകൊടുക്കുകയാണിതു്. പ്രജായത്ത ഭരണരൂപത്തിലുള്ള ഒരു ഗവണ്മെന്റിൽ പാർട്ടികൾ മാറുക എന്നതു് ഏതു ഘട്ടത്തിലും സംഭവിക്കാം. അപരിത്യാജ്യമായി വരുകയാലോ അല്ലാഞ്ഞിട്ടോ എങ്ങനെയെങ്കിലുമാകട്ടെ ഇന്നത്തെ ഗവണ്മെന്റു് മററു രാഷ്ട്രീയപാർട്ടികളിൽപ്പെട്ടവർക്കെതിരായി എക്സിക്യൂട്ടീവോ ക്രിമിനലോ ആയ നടപടികൾ എടുത്തുവരികയാണു് ഈ നടപടികളുടെതീക്ഷ്ണത കാലക്രമത്തിൽ മററു പാർട്ടികളിൽ ചിലതിനെ കാൺഗ്രസ് പാർട്ടിയെ തകിടം മറിയ്ക്കാൻ സാധിക്കുന്നവിധം സുശക്തമാക്കിത്തീർക്കാൻ പാടില്ലായ്കയില്ല. കാൺഗ്രസ് ഭരണത്തിൻകീഴിൽ ദുരിതമനുഭവിച്ചവർക്കെല്ലാം സഹായമേകി അവരും കാൺഗ്രസ്സിന്റെ മാതൃകതന്നെ തുടരും. അങ്ങിനെ രാജ്യത്തിൽ എന്നെന്നും വിപുലമായ തോതിൽ ബന്ധുപക്ഷപാതിത്വം കാട്ടുന്ന ഒരു ഗവണ്മെന്റു് നിലനിൽക്കാനിടയുണ്ടു്. രാജ്യസ്നേഹംഹേതുവായി ക്ലേശങ്ങളും ദുരിതവുമനുഭവിച്ചിട്ടുള്ളവർക്കു് പ്രതിഫലം നൽകുകയെന്നതു് അവരെ രാജ്യസ്നേഹികളുടെ ലിസ്റ്റിൽനിന്നു് വെറും കൂലിപട്ടാളക്കാരുടെയോ സൂക്ഷ്മബുദ്ധികളായ ബിസിനസ്സുകാരുടെയോ ലിസ്റ്റിൽചേർക്കുന്നതിനു തുല്യമാണു്.

റിപ്പോർട്ടിൽ കാണുന്ന സംഗതി ശരിയല്ലെന്നു ഞാൻ കരുതുന്നു. ഈ കാര്യത്തിൽ ഗവർമ്മെന്റു് അതിന്റെ ശരിയായ നില വ്യക്തമാക്കേണ്ടതുണ്ടു്. ഈ റിപ്പോർട്ടു അതിശയോക്തി കലർന്നതായി തെളിയപ്പെട്ടാലും ഇതു ഹൈക്കമാണ്ടിന്റെ ഗൌരവതരമായ പരിഗണനയെ അർഹിക്കുന്ന ഒന്നാണു്. സാംസ്ഥാനികഗവർമ്മെന്റുകളുടെ തലവന്മാരിൽഒരാൾ ഇതു എനിക്കെഴുതുന്നു.

"ജനങ്ങളുടെ മുമ്പാകെ (യാതനക്കാർക്കു സൌജന്യം നൽകുന്ന) മററു ഗവർമ്മെന്റുകളുടെ ഈ നടപടികൾ നിലവിലിരിക്കെ അവരുടെ അവകാശവാദങ്ങൾ തടഞ്ഞുനിർത്തുന്ന കാര്യത്തിൽ എനിക്കുള്ള വിഷമത മനസ്സിലാക്കുമല്ലോ. ഇതു ഒരു സാംസ്ഥാനികപ്രശ്നമല്ല; അഖിലേന്ത്യാ പ്രശ്നമാണു്. ഇങ്ങിനെയുള്ള ആനുകൂല്യങ്ങൾ ആവശ്യപ്പെടാതിരിക്കാനും പ്രതീക്ഷിക്കാതിരിക്കാനും കാൺഗ്രസ്സ്തന്നെ ജനങ്ങളെയും പ്രവർത്തകരെയും പഠിപ്പിച്ചു് ഒരു നേതൃത്വം കൊടുക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സാംസ്ഥാനികഗവണ്മെന്റിനു് തനിച്ചു നിൽക്കാൻ സാദ്ധ്യമല്ല. ഈ പ്രശ്നം കാൺഗ്രസ്സിനെയും മററു സാംസ്ഥാനിക ഗവണ്മെന്റുകളെയും കൊണ്ടെടുപ്പിക്കാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു."

പൊതുജീവിതത്തിന്റെ ഉന്നതമായ ഒരു തോതു നിലനിർത്തുന്നതിൽ കാൺഗ്രസ് ഗവണ്മെന്റുകൾക്കു് മാർഗ്ഗദർശിത്വം വഹിക്കാനും അതിനെ പരിരക്ഷിക്കാനും വർക്കിംഗ് കമ്മിറ്റിക്കു് ഒരു ഉപാധി ഉണ്ടായിരിക്കേണ്ടതാണെന്നു് എനിക്കു തോന്നുന്നു.

ഭവനഗർ മഹാറാണി

"മേക്കപ്പിൽ" ഭ്രമിക്കാത്ത മാതൃകാകുടുംബിനി

"ഞാനൊരു കുടുംബിനിയാണു്; കുടുംബത്തിലാണു് എന്റെ ശരിയായ സ്ഥാനം. എന്നിരിക്കിലും മററു കുടുംബങ്ങളിലേക്കു കൂടുതൽ ആരോഗ്യവും ആഹ്ലാദവും എത്തിക്കാൻ സഹായിക്കുന്നതു് എനിക്കിഷ്ടമാണു്. അതിനാൽ സമുദായസേവനത്തിൽ എനിക്കതിയായ താല്പര്യമുണ്ടു്". മദ്രാസ്സ് ഗവർണ്ണറുടെ പത്നി ഭവനഗർ മഹാറാണി ഒരഭിമുഖസംഭാഷണത്തിന്നിടയിൽ പറഞ്ഞു.

മഹാറാണി കാഴ്ചയ്ക്കു നല്ല സൌഭാഗ്യവും അന്തസ്സുമുള്ള ഒരു സ്ത്രീയാണു്. ഗുജറാത്തിമട്ടിൽ ഒരു സാധാരണ ജോർജ്ജററ്സാരിയാണു് അവർ വീട്ടിലിരിക്കുമ്പോൾ ധരിക്കുന്നതു്. മംഗല്യസൂചകമായ ഒരു കുങ്കുമപ്പൊട്ടാണു് അവരുടെ മുഖത്തുള്ള ഏക അലങ്കാരം. പൌഡറും "മേക്കപ്പും"അവർ ഉപയോഗിക്കാറില്ല. ആഭരണങ്ങളിൽ അവർക്കു ഭ്രമവുമില്ല. രാജകീയമായ ഒരു കുലീനതയും അന്തസ്സും അവരുടെ ഉടുപ്പിലും നടപ്പിലും കാണാം.

മദിരാശിയിലെ സ്ത്രീകളെപ്പറ്റി അവർക്കു വളരെ മതിപ്പാണു്. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും അവർ മുന്നണിയിലാണെന്നാണു് മഹാറാണിയുടെ അഭിപ്രായം. സ്ത്രീകൾക്കു വിനോദത്തിനും വ്യായാമത്തിനും മഹിളാ ക്ലബ്ബുകൾ ആവശ്യമാണെന്നു് അവർക്കു് അഭിപ്രായമുണ്ടു്. എന്നാൽ അതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടുകൂടാ. പ്രയോജനപ്രദമായ എന്തെങ്കിലും സേവനവുംകൂടി നടത്തുവാൻ അവർക്കു കഴിയണം.

കുടുംബം ആദ്യം

സംഗീതം അവർക്കിഷ്ടമാണു്. ദിൽബഹാറും തബലയും അവർ വായിക്കാറുണ്ടു്. അവരുടെ രണ്ടു് ആണ്മക്കൾ ഡെറാഡൂണിലെ മിലിട്ടറി അക്കാഡമിയിലാണു് പഠിക്കുന്നതു്. രണ്ടു പെൺകുട്ടികൾ കൂടി അവർക്കുണ്ടു്. ഹംസയും, ധിൽവറും മഹാറാണിതന്നെ അവരെ വീട്ടിലിരുത്തി പഠിപ്പിക്കുന്നു. തന്റെ സമയത്തിന്റെ വലിയൊരുഭാഗം അവർക്കു വേണ്ടിയാണു് ചിലവാക്കുന്നതെന്നു മഹാറാണി പറഞ്ഞു. ഏതു് ഇന്ത്യൻ മാതാവാണു് അങ്ങിനെ ചെയ്യാത്തതു്, അവർ ചോദിച്ചു. സ്വന്തം ഭർത്താവും കുട്ടികളും കുടുംബവും ആണു് ഒരു ഇന്ത്യൻ സ്ത്രീക്കു് ഏററവും പ്രധാനമായിട്ടുള്ളതു്, അല്ലെ? അല്ലെങ്കിൽ ആയിരിക്കണം. പാചകവൃത്തി മഹാറാണിക്കു വളരെ ഇഷ്ടമാണു്. അവധിപ്പോൾ ധിൻഹാറിനു പാചകവിദ്യയിലെ ആദ്യപാഠങ്ങൾ പഠിപ്പിച്ചുവരികയാണു്.

സ്വതേ മതതല്പര

തെക്കെ ഇന്ത്യയിൽ മധുരയും രാമേശ്വരവും അവർ മുമ്പു തന്നെ സന്ദർശിച്ചിട്ടുണ്ടു്. രമണമഹർഷിയുടെ ആശ്രമത്തിലേക്കു (തിരുവണ്ണാമല) മദിരാശിയിൽ നിന്നു എത്രദൂരമുണ്ടെന്നു മഹാറാണി ചോദിച്ചു. അവരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള മറെറാരു സ്ഥലം പുതുശ്ശേരിയിലെ അരവിന്ദാശ്രമമാണു്. ശ്രീ അരവിന്ദന്റെ മിക്ക പുസ്തകങ്ങളും അവർ വായിച്ചിട്ടുണ്ടു്. അവ വളരെ വിചാരോദ്ദീപകങ്ങളാണു്. ശ്രീരാമകൃഷ്ണദേവന്റെ ഉപദേശങ്ങളാണു് അവരെ വശീകരിച്ചിട്ടുള്ള മറെറാരു ശക്തി. യോഗസംസ്കാരത്തോടു തനിക്കുള്ള പ്രതിപത്തി ഇന്നും ഇന്നലെയും തുടങ്ങിയതല്ലെന്നും താൻ സ്വതവേ തന്നെ ഒരു മതതല്പരയാണെന്നും മഹാറാണി പറഞ്ഞു. ഗവണ്മെന്റു മന്ദിരത്തിലുള്ള ഏക ന്യൂനത ഒരു പൂജാമുറിയില്ലെന്നുള്ളതാണു്. ആ കുറവു് അടുത്തുപരിഹരിക്കുന്നുണ്ടു്.

മാംസം വർജ്ജ്യം

അവരുടെ ഭർത്താവായ ഭവനഗർ മഹാരാജാവു് ഒരു കാലത്തു് നായാട്ടിൽ വലിയ കമ്പമുള്ള ആളായിരുന്നു. ജന്തുഹിംസയിലുള്ള മടികൊണ്ടു് അദ്ദേഹം അതെല്ലാം നിർത്തി വച്ചിരിക്കയാണു്, നാലുകൊല്ലം മുമ്പു തങ്ങൾ മാംസം ഭക്ഷിക്കുന്നതുപോലും ഉപേക്ഷിച്ചു.

മദ്യനിരോധം അവർക്കു വളരെ താല്പര്യമുള്ള ഒരു കാര്യമാണു്. തന്റെ രാജ്യമായ ഭവനഗറിൽ 25 കൊല്ലമായി മദ്യം നിറുത്തൽ ചെയ്തിട്ടു്.

ഗാന്ധിജിയെ താൻ ഒരിക്കൽ കണ്ടിട്ടുണ്ടെന്നു മഹാറാണി പറഞ്ഞു. അതു് അവരുടെവിവാഹത്തിനു മുമ്പാണു്. ഗാന്ധിജി ഒരു കത്തിയവാറുകാരനാണെന്നതിൽ അവർ സ്വാഭാവികമായി അഭിമാനംകൊണ്ടു.

മത്സ്യമല്ലാ കിട്ടുന്നതു്

സെക്കന്തരാബാദ്, ഒക്ടോ: 6

കുളങ്ങളിൽ മീൻ പിടിക്കാൻ ശ്രമിക്കുന്ന മുക്കുവന്മാർക്കു് അടുത്തകാലത്തു് ഇവിടങ്ങളിൽ കിട്ടിക്കൊണ്ടിരിക്കുന്നതു് മത്സ്യമല്ല റസാക്കർമാരുടെ ഇരുമ്പുതൊപ്പികളും യൂണിഫോറങ്ങളുമാണു്. ഹൈദ്രബാദിലെ മീർ. ആലം കുളത്തിൽ നിന്നു് കഴിഞ്ഞ തിങ്കളാഴ്ച തോക്കുകളും വെടിയുണ്ടകളുമടങ്ങിയ [illegible]മേറിയ ഏഴു സഞ്ചികൾ കിട്ടുകയുണ്ടായി. പിന്നീടു് ആ സഞ്ചികൾ സൈനികാധികാരികളെ ഏല്പിക്കയുണ്ടായി.

ഇസ്ലാമിയം ഹൈസ്കൂളിൽ നിന്നു് കുന്തങ്ങൾ, തോക്കുകൾ, പകുതി കരിച്ച റസാക്കർമാരുടെ യൂനിഫോറങ്ങൾ മുതലായവ പോലീസിനു കണ്ടുകിട്ടി. ആ സ്കൂളിലെ ഒരു അദ്ധ്യാപകനെയും ക്ലാർക്കിനെയും അറസ്റ്റു ചെയ്തിട്ടുണ്ടു്. വെടിക്കോപ്പുകളും ആയുധങ്ങളുമുണ്ടാക്കുന്ന ഒരു പ്രസിദ്ധനായ വ്യവസായിയെയും തടങ്കലിലാക്കാൻ കഴിഞ്ഞു. ട്രിമുൽഗേരി ചാർഖാനാ പ്രദേശങ്ങളിലെ ലൂട്ടുകാരുടെ വാസസ്ഥാനങ്ങളിൽ നിന്നു് ഏകദേശം 7000 രൂപ വിലവരുന്ന കൊള്ള ചെയ്യപ്പെട്ട സാധനങ്ങളും പോലീസ് പിടിച്ചെടുത്തിട്ടുണ്ടു്.

പ്രാദേശികവാർത്തകൾ

കൊല്ലം

(സ്വ-ലേ) കന്നി 21

നെല്ലെടുപ്പുസംബന്ധമായ കാര്യങ്ങളെപ്പററി പരിശോധിക്കുവാനായി സ്ഥലം ഡിവിഷന പേഷ്കാർ എൻ. ജി. പെരായിരം കാർത്തികപ്പള്ളിക്കു പോയിരിക്കുന്നു.

കരിപ്പുഴ മാർക്കറ്റിൽക്കൂടവിൽ പതിവായി കരിഞ്ചന്ത നടത്തിവരുന്നതായറിഞ്ഞ് [illegible] ശ്രീ എൻ. ശ്രീധരൻനായർ ടൗൺ ഇൻസ്പെക്ടർ ശ്രീ. പി. രാഘവൻനായരുമായി അവിടെ ചെന്നു ബ്ളാക്കു മാർക്കററിൽ വിററഴിച്ച ഏകദേശം ഒരു ചാക്ക് അരി കണ്ടെടുത്തു ഒരു സുലൈമാനേയും ഒരു പരമേശ്വരൻപിള്ളയേയും അറസ്റ്റ് ചെയ്തു പോലീസ് കസ്റ്റഡിയിലാക്കിയിരിക്കുന്നു.

കൊല്ലം മന്നയിൽക്കുളങ്ങരനായർ കരയോഗത്തിന്റെ ഒരു യോഗം ഇലഞ്ഞിക്കൽവീട്ടിൽ വച്ചു കൂടി ഒരു ചർക്കാസംഘം ആഫീസ് സ്ഥാപിച്ചതുൾപ്പെടെ തുടങ്ങിയ ഗ്രാമോദ്ധാരണശ്രമങ്ങൾ നടത്തുന്നതിലേയ്ക്കു വേണ്ട തീരുമാനങ്ങൾ ചെയ്തിരിക്കുന്നു.

മരാമത്തുമന്ത്രി ശ്രീ. എ. അച്യുതൻ ഇന്നലെ പള്ളിത്തോട്ടത്തുള്ള കടൽക്കര സന്ദർശിച്ചു സ്ഥിതിഗതികളെപ്പററി അന്വേഷണം നടത്തി ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നതായറിയുന്നു.

ഹരിപ്പാട്ട്

(സ്വ-ലേ) കന്നി 20

മഹാരാജാവു തിരുമനസ്സിലെ 36-ാമത്തെ ആട്ടത്തിരുനാൾ ആഘോഷിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി ഇന്നേദിവസം പകൽ രണ്ടുമണിക്ക് തഹശിൽദാർ ശ്രീ. പി. കെ. ഉമ്മർ അവർകളുടെ അദ്ധ്യക്ഷതയിൽ ടൗൺഹാളിൽ വച്ച് ഒരു പൊതുയോഗം കൂടി ആട്ടത്തിരുനാൾ ഭംഗിയായി കൊണ്ടാടണമെന്ന് തീരുമാനിക്കുകയും പ്രവർത്തകസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

"സഹകരണസദനം"

സ്ഥലത്തുള്ള ഏതാനും മാന്യന്മാരുടെ ഉത്സാഹത്തിൽ രജിസ്റ്റർ ചെയ്യിച്ചിട്ടുള്ള 2618-ാംനമ്പർ സഹകരണസദനത്തിന്റെ ഉൽഘാടനം കച്ചേരിക്കു പടിഞ്ഞാറുവശം അഡ്വക്കേററ് ററി. കെ. പത്മനാഭപ്പണിക്കർ അവർകളുടെ കെട്ടിടത്തിൽ ഇന്നു ദിവസം കാലത്ത് പത്തു മണിക്ക് സഹകരണസംഘം ഇൻസ്പെക്ടർ ശ്രീ കെ. ഷൺമുഖംചെട്ടിയാർ അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

വാഴക്കുളം

(സ്വ-ലേ) കന്നി 16

അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം ആർഗനൈസർ ശ്രീമതി. ജെ. തങ്കം വന്ദേമാതരം ഗ്രാമീണവായനശാലസന്ദർശിച്ച് ഗ്രാമോദ്ധാരണത്തെയും വയോജന വിദ്യാഭ്യാസത്തെയും കുറിച്ച് ചില നിർദ്ദേശങ്ങൾ നൽകി മടങ്ങിയിരിക്കുന്നു.

ഗാന്ധിജയന്തി ഇവിടെയും സാഘോഷം കൊണ്ടാടിയിരിക്കുന്നു. പതാക ഉയർത്തൽ, പൊതുയോഗം ഈ ചടങ്ങുകൾക്കുശേഷം സാധു ബാലികാബാലന്മാർക്ക് മധുരപദാർത്ഥങ്ങൾ വിതരണം ചെയ്യപ്പെട്ടു.

കൂട്ടിക്കൽ

(സ്വ-ലേ) കന്നി 19

മദ്യപിച്ചു മദോന്മത്തരായി രാത്രികാലങ്ങളിൽ റോഡിൽ കൂടി അശ്ളീലങ്ങളും, അസഭ്യങ്ങളും ആയ വാക്കുകൾ വിളിച്ചു പറഞ്ഞ് വീടുകളിൽ കിടന്നുറങ്ങുന്ന സാധുക്കളെവിളിച്ചുണർത്തി അസഭ്യങ്ങൾ പറഞ്ഞും മററും ഭയപ്പെടുത്തിയും, സമാധാനകാംക്ഷികളുടെ സ്വൈരവിഹാരത്തിനു വിഘാതമാംവണ്ണമുള്ളപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുംവന്ന ഒരുസംഘം അക്രമികളുടെശല്യം വർദ്ധിച്ച് സമാധാനകാംക്ഷികൾക്ക് ഭയവിഹ്വലത വെടിഞ്ഞ് ജീവിക്കാൻനിവൃത്തിയില്ലാതെ വരികയാൽ സ്ഥലം ലീഗ് മഹല്ല് ഭാരവാഹികൾ പ്രക്ഷുബ്ധമായ അന്തരീക്ഷം സൃഷ്ടിക്കാൻ പര്യാപ്തമായ പ്രസ്തുത പ്രവർത്തനം മൂലം സംഭവിക്കാവുന്ന ഭവിഷ്യത്തുകളുടെ ഗൗരവം മനസ്സിലാക്കി അധികൃതസ്ഥാനങ്ങളിൽ വിവരം അറിയിച്ചതിന്റെ ഫലമായി മുണ്ടക്കയം പോലീസ് ഇൻസ്പെക്ടർ മി: മാത്തുണ്ണിപ്പിള്ളയും പാർട്ടിയും കൂടി സ്ഥലത്തുവന്ന് വേണ്ട അന്വേഷണം നടത്തി പ്രതികളെ കസ്റ്റഡിയിലാക്കിയിരിക്കുന്നതായറിയുന്നു.

പൂഞ്ഞാർ

(ഒ-ലേ) കന്നി 16

"ഗാന്ധിജയന്തി" സംബന്ധിച്ചു പൂഞ്ഞാർ യുണൈറ്റഡ് ബ്രദേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ശ്രീ അവിട്ടംതിരുനാൾ വായനശാലഹാളിൽവച്ചു ശ്രീമാൻ കെ. സുകുമാരപിള്ള ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി. പൊതുയോഗത്തിൽ വിദ്വാൻ പൂവരണി വി. നാരായണൻനായർ അവർകൾ ഗാന്ധിജിയെക്കുറിച്ചും, സാഹിത്യവിശാരദൻ എൻ. ആർ. പിള്ള ഇന്നത്തെ രാഷ്ട്രീയനിലയെക്കുറിച്ചു മലയാളത്തിലും, ഹിന്ദിമാസ്റ്റർ കെ. ബി. കർത്താവവർകൾ ഹിന്ദിയിലും ഓരോ പ്രസംഗങ്ങൾ ചെയ്തു.

വൈക്കം

(സ്വ:ലേ) കന്നി 18

വൈക്കം ഹിന്ദുമതഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നവരാത്രിമഹോത്സവം സാഘോഷം കൊണ്ടാടാനുദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. 22-ാംനു മുതൽ 26-ാംനു-വരെ പുരാണപാരായണം, മതപ്രസംഗം, ഭജന, കൊട്ടിപ്പാടിസേവ, പാട്ടുകച്ചേരി, പഞ്ചവാദ്യമേളം, നാദസ്വരക്കച്ചേരി, വില്ലടിപ്പാട്ട്, ഫ്ളൂട്ടുകച്ചേരി മുതലായി പലതും നടക്കുന്നതാണ്. ശ്രീബ്രഹ്മവ്രതൻ, വടക്കുംകൂർ രവിവർമ്മ വലിയരാജാ മുതലായ പലരുടെയും പ്രസംഗാദികൾ ഉണ്ടാകുന്നതാണ്.

പന്തളം

(സ്വ. ലേ) കന്നി 21

മാന്തുകയും പരിസരപ്രദേശങ്ങളിലും മദ്യപന്മാരുടെ ശല്യം വർദ്ധിച്ചുവന്ന് ഇപ്പോൾ എം. സി. റോഡിൽക്കൂടിപോകുന്ന യാത്രക്കാർക്കും വാഹനങ്ങൾക്കും തടസ്സംവരെയായിരിക്കുന്നു. അതേതുടർന്ന് അടുത്ത ഒരു ദിവസം ട്രാൻസ്പോർട്ട് ബസ്സ് തടഞ്ഞുനിർത്തി കല്ലെറിയുകയും മററും ചെയ്തതായും അറിയുന്നു.

കുമാരനെല്ലൂർ

(സ്വ. ലേ) കന്നി 19

നവരാത്രി ഉത്സവം പ്രമാണിച്ച് കുമാരനെല്ലൂർ ക്ഷേത്രസന്നിധിയിൽ വച്ച് സപ്താഹം പാരായണം ആരംഭിച്ചിരിക്കുന്നു. പാരായണത്തിൽ സംബന്ധിക്കുന്നതിനായി വിവിധദേശങ്ങളിൽ നിന്നും ഭക്തജനങ്ങൾ ദിവസേന വന്നുകൊണ്ടിരിക്കുന്നു.

അഖിലതിരുവിതാംകൂർ വിദ്യാർത്ഥിസ്കൂൾസംഘടനാ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം കുമാരനെല്ലൂർസംസ്കൃതസ്കൂളിലേയും സ്പെഷ്യൽ സ്കൂളിലേയും വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഇന്നു പണിമുടക്കുനടത്തുകയും തുടർന്നു നടത്തിയ യോഗത്തിൽ സംസ്കൃതവിദ്യാർത്ഥികൾക്കുള്ള അവശതകളെ പരിഹരിക്കുന്നതിൽ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും മററും ഉള്ള പ്രമേയങ്ങൾ പാസാക്കുകയും ചെയ്തിരിക്കുന്നു.

വെണ്മണി

(സ. ലേ) കന്നി 16

വെണ്മണി വില്ലേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ യൂണിയൻ ആഫീസ് കെട്ടിടത്തിൽ വച്ച് വിവിധചടങ്ങുകളോടുകൂടി ഗാന്ധിജയന്തി ദിനം കൊണ്ടാടിയിരിക്കുന്നു.

മങ്കൊമ്പ്

(സ്വ. ലേ) കന്നി 21

അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം ഓർഗനൈസർ ശ്രീ. കെ. പി. മേനോൻ കഴിഞ്ഞദിവസം നെടുമുടി ഭാരത യുവജനസംഘം ഗ്രന്ഥശാല സന്ദർശിക്കുകയും പ്രസ്തുത ഗ്രന്ഥശാല അഖിലതിരുവിതാംകൂർ ഗ്രന്ഥശാലയുമായി സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭനടപടി കൈക്കൊള്ളുകയും ചെയ്തിരിക്കുന്നതായറിയുന്നു.

ചെങ്ങന്നൂർ

(ഒ. ലേ) കന്നി 20

ചെങ്ങന്നൂർ സി. കെ. എം. യൂണിയൻ തിയേറററിന്റെ സമീപസ്ഥലങ്ങളിൽ മദ്യപാനികളായ ചട്ടമ്പികളുടെ ശല്യം നിമിത്തം വളരെ ഉപദ്രവമനുഭവിച്ചുവരുന്നു.

വടക്കൻപറവൂർ

(സ്വ-ലേ) കന്നി 19

കരുമാലൂർഎന്നസ്ഥലത്തു എം. പി. സ്കൂളിൽ അറബി മുൻഷിയായിരുന്ന വടക്കേക്കരസ്ഥലംമാററിയ ഒരു മാസ്റ്റർ ഇന്നുച്ച കഴിഞ്ഞപ്പോൾ കരുമാലൂർ എം. പി. സ്കൂളിൽവന്നു അവിടെയുള്ള അസിസ്റ്റൻറു മാസ്റ്ററെ പുറത്തുവിളിച്ചു പ്രഹരിക്കയും അധിക്ഷേപിക്കയും ചെയ്തിരിക്കുന്നു. ഇതറിഞ്ഞു ചില മാന്യന്മാർ സ്ഥലത്തുചെന്നു കൂടുതൽ അനിഷ്ടസംഭവമുണ്ടാകാതെ ആളെ പിരിച്ചുവിട്ടു. ക്ലാസ്സ് പിരിച്ചുവിട്ടശേഷം ഹെഡ്മാസ്റ്റർ ആല്വാസ്സു റിപ്പോർട്ടുചെയ്യുന്നതിനു പോയിരിക്കുന്നതായി അറിയുന്നു.

മിശ്രവിവാഹം

(സ്വ-ലേ)

വടക്കൻപറവൂർ, കന്നി 20

പെരുമ്പടന്ന എന്ന സ്ഥലത്തു 15 വയസ്സ് പ്രായമുള്ള സതിനിയെന്ന ഈഴവയുവതിയും ടി സ്ഥലത്തു ചോതിയെന്ന പുലയയുവാവും തമ്മിലുള്ള വിവാഹം ഇന്നേദിവസം പറവൂർ പുലയമഹാസഭ ആഫീസിൽവച്ച് എസ്. എൻ. ഡി. പി. യൂണിയന്റെ അനുവാദത്തോടുകൂടി നടത്തപ്പെട്ടു. ടി. യുവതീയുവാക്കന്മാർക്ക് 15-ം 19-ം വയസ്സ് പ്രായം വരും.

ബഹുജന സമക്ഷം

ഇക്കഴിഞ്ഞ 10-ാംതീയതി കൂടിയ എൻ. എസ്. എസ്. ഡയറക്ടർയോഗം എന്നെ ജനറൽസെക്രട്ടറിയായി തെരഞ്ഞെടുത്തിരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. ഗൗരവവും ചുമതലയും വളരെയധികമുള്ള ഈ ജോലി ശരിയായി നിർവ്വഹിക്കാനുള്ള കഴിവു തുലോം പരിമിതമാണെന്നുവരികിലും ബഹുജനങ്ങളുടെ ആത്മാർത്ഥവും സ്നേഹനിർഭരവുമായ സഹകരണം എന്റെ കൈകൾക്കു വേ[illegible]കുമെന്ന ആ വിശ്വാസമാണ് എനിക്കു ധൈര്യം തരുന്നത്. നായർസമുദായത്തിനെന്നല്ല രാജ്യത്തിനു മുഴുവൻതന്നെയും പല സുപ്രധാന സ്ഥിതിഗതികളെയും അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന ഈ സന്ദർഭത്തിൽ സമുദായാംഗങ്ങൾ ഒന്നടങ്കം തികഞ്ഞഅച്ചടക്കത്തോടും ശിക്ഷണബോധത്തോടുംകൂടി സൊസൈററിയുടെ അഭിലാഷങ്ങളെയും ആദർശങ്ങളെയും വിജയിപ്പിക്കാൻ ത്യാഗപൂർവം സന്നദ്ധരാകുന്നതിലാണ് സൊസൈററിയുടെ വിജയം സ്ഥിതിചെയ്യുന്നതെന്നു പ്രത്യേകം പറയേണ്ടതില്ല. ആ സന്നദ്ധത രാജ്യമെങ്ങും ദൃശ്യമാകുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടുകൂടി വിലയേറിയ ഈ സ്ഥാനം എനിക്കു നൽകുകനിമിത്തം സമുദായം എന്നിലർപ്പിച്ചിട്ടുള്ള വിശ്വാസത്തിനും സ്നേഹത്തിനും ഞാൻ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ സ്ഥാനലബ്ധിയിൽ എന്നെ അനുമോദിച്ച പല സുഹൃത്തുക്കളുടെയും കത്തു എനിക്കു ലഭിച്ചിട്ടുണ്ട്. ആ മാന്യ സഹോദരന്മാരോടെല്ലാം എനിക്കുള്ള അകമഴിഞ്ഞ കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിക്കുകയും പ്രത്യേകംപ്രത്യേകം കത്തുകളയയ്ക്കുന്നതിനുള്ള അസൗകര്യത്തിനു മാപ്പു തരണമെന്നപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

ബഹുജനവിധേയൻ

എം. പി. മന്മഥൻനായർ

പരസ്യം

തൊടുപുഴ മുൻസിപ്പുകോർട്ടിൽ

123-ൽ സ്യൂൾ 66

വാദി:—കാരിക്കോട്ടു പകുതി കോലപ്ര മുറിയിൽ എഴുത്തുകളരിക്കൽ ശങ്കരപ്പിള്ള നാരായണപിള്ള.

പ്രതികൾ:-1) കോട്ടയം താലൂക്ക വിജയപുരം പകുതിയിൽ മാങ്ങാനം കരയിൽ തോട്ടുങ്കൽ നിന്നും തൊടുപുഴ പുതിയകുന്നേൽ മാധവൻപിള്ളയുടെ മാളികക്കെട്ടിടത്തിൽ ചിട്ടിനടത്തിപ്പു[illegible] ജോൺ. 2) ആരക്കുഴ പകുതി തെക്കൻമാറാടി കരയിൽ ഇരുവക്കൽനിന്നും തൊടുപുഴ പുതിയകുന്നേൽ മാധവൻപിള്ളയുടെ കെട്ടിടത്തിൽ ചിട്ടിനടത്തിപ്പുജോലിയായി താമസിക്കും കുരുവിള സ്കറിയാ 3) കോട്ടയം താലൂക്ക വിജയപുരം പകുതി നെട്ടാശേരി കരയിൽ പുതുപ്പറമ്പിൽനിന്നും തൊടുപുഴ പുതിയകുന്നേൽ മാധവൻപിള്ളയുടെ കെട്ടിടത്തിൽ ചിട്ടിനടത്തിപ്പുജോലിയായി താമസിക്കും കുരുവിള പോത്തൻ:

ടി പ്രതികളെ
തെര്യപ്പെടുത്തുന്നത്.

ടി പ്രതികളുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിരിക്കുന്നതിനാൽ വിചാരണദിവസമായ 124 തുലാം 17-ാംനു പകൽ 11 മണിക്കു പ്രതികൾ നേരിട്ടോ വക്കിൽ മുഖാന്തരമോ ഹാജരായി തർക്കം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്ത പക്ഷം പ്രതികളെ കൂടാതെ കേസു തീർച്ചചെയ്യുന്നതുമാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉത്തരവിൻപ്രകാരം

19-2-124 (ഒപ്പ്)
ഹെഡ്ക്ലാർക്ക്.

പരസ്യം

തൊ. മു. കോ:

123-ൽ സ്യൂൾ 53

വാദി:—പാലാ സെൻട്രൽ ബാങ്ക് (ക്ലിപ്തം) ടി ബാങ്കിനു വേണ്ടി തൊടുപുഴ ബ്രാഞ്ചു മാനേജർ അമ്പലപ്പുഴ താലൂക്ക ചമ്പക്കുളം പകുതി പുന്നക്കുന്നത്തുശ്ശേരി കരയിൽ കാപ്പിൽ സി. പി. കുരുവിള.

പ്രതി.—പത്തനാപുരം താലൂക്ക് അഞ്ചൽ പകുതി ഏരൂർ കരയിൽ ആലുംമൂട്ടിൽ തെക്കേതിൽ വീട്ടിൽ അബ്ദുൽകാദർ ലബ്ബ അബ്ദുൽകരിം.

മേൽനമ്പർ കേസിൽ വാദി പ്രതിയുടെ മേൽ വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നതിനാൽ വിചാരണയായ 124 തുലാം 7-ാംനു പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ. (ഒപ്പ്)

11-2-124
തൊടുപുഴ

പരസ്യം

തൊടുപുഴ മുൻസിഫ്
കോർട്ടിൽ 123 സ്യൂൾ 75

വാദി.—പാലാസെൻട്രൽബാങ്ക് (ക്ലിപ്തം) ടി ബാങ്കിനുവേണ്ടി തൊടുപുഴ ബ്രാഞ്ച മാനേജർ അമ്പലപ്പുഴ താലൂക്ക ചമ്പക്കുളം പകുതി പുന്നക്കുന്നത്തുശ്ശേരി, കരയിൽ കാപ്പിൽ സി. പി. കുരുവിള.

പ്രതി:—മണക്കുന്നം പകുതി കണ്ടനാംശ്ശേരി പുത്തൻപുരയിൽ കെ. കുട്ടൻ.

മേൽനമ്പരിൽ പ്രതിയുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നതിനാൽ ടി കേസിന്റെ വിചാരണയായ 124 തുലാം 17-ാം തീയതി പകൽ 11 മണിക്കു ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
സ്ഥലം: തൊടുപുഴ
തീയതി: 18-2-124

സി. നി. ഓർഡർ 1-റൂൾ 8

പരസ്യം

ചങ്ങനാശ്ശേരി
മുൻസിഫ് കോർട്ടിൽ
1122-ൽ സിവിൽനമ്പർ 139

വാദി:_ ചക്രക്ഷാളനപുരത്തു സഭായോഗത്തുങ്കൽ സമുദായം ടിക്കു വേണ്ടി തിരുവല്ലാ പകുതിയിൽ തുകലശ്ശേരി മുറിയിൽ തെക്കിനേടത്തു വെള്ളിയോട്ടില്ലത്തു നാര[illegible]നരു ഗോവിന്ദരു നമ്പൂതിരി.

പ്രതി:—മു[illegible]ർ പകുതിയിൽ ടി മുറിയിൽ [illegible] വേളൂത്തുരുത്തേൽ [illegible] അവുസേപ്പ്.

ഭാഗ്യശേരിചക്രക്ഷാളനപുരത്തു സഭായോഗത്തിന്നുവേണ്ടി ടി സകരിച്ച ടി നാരായണപ്രതിനിധി വിന്ദരു നമ്പൂതിരി വാദിയായി ഈ നമ്പർ വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നതിനാൽ അതു സംബന്ധിച്ച ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ 1124-ാ മാണ്ടു കന്നിമാസം 30-ാം തീയതി പകൽ 11 മണിക്കു കക്ഷി തനിച്ചോ അധികാരപ്പെടുത്തപ്പെട്ട ആൾ മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
20—2—1124

പരസ്യം

ചങ്ങനാശേരി
മുൻസിപ്പുകോർട്ടിൽ
1123-ൽ സിവിൽനമ്പർ 330

വാദി:—കൊച്ചിൻസർക്കാർവക തിരുവഞ്ചിക്കുളം ദേവസ്വത്തിലേയ്ക്കു വേണ്ടി ടി ദേവസ്വം ഉടമ കൊച്ചി മഹാരാജാവ് അവർകളുടെ സമ്മതിക്കപ്പെട്ട കാര്യസ്ഥനായ കൊച്ചി ഗവർമ്മെൻറു ചീഫ്സെക്രട്ടറി.

പ്രതികൾ:- 3. കൊച്ചിസംസ്ഥാനത്ത് തൃശ്ശിവപേരൂർ താലൂക്കിൽ വെളിയന്നൂർ വില്ലേജിൽ കൂർക്കഞ്ചേരി ദേശത്ത് മൂത്തേടത്ത് കോന്തി കരുണാകരൻ!

4. ടി യിൽ കോന്തി പാർവതി.

5. ടി യിൽ കോന്തി നാരായണി.

6. ടി യിൽ കോന്തി ലക്ഷ്മി.

7. ടി യിൽ കോന്തി സരോജിനി.

8. ടി യിൽ കോന്തി ശാരദ.

9. ടി യിൽ കോന്തി നാരായണദാസ്.

10. ടി യിൽ കോന്തി സരസ്വതി.

11. ചങ്ങനാശേരി താലൂക്കിൽ ചെറുവള്ളി പകുതിയിൽ ടി മുറിയിൽ കിഴക്കേപിലാച്ചേരിവീട്ടിൽ ശങ്കരൻനായർ പരമേശ്വരൻനായർ.

12. നീലംപേരൂർ പകുതിയിൽ ടി മുറിയിൽ ചിറയിൽ തോമ്മസു ചാക്കോ.

ടി പ്രതികളെ
തിര്യപ്പെടുത്തുന്നത്:

ടി കേസ്സിൽ മേല്പറഞ്ഞ പ്രതികൾക്ക് കോർട്ടിൽനിന്നും സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നു. വീണ്ടും ഈ കേസ് 1124 തുലാം മാസം 13-ാംനു-ക്ക് അവധി വച്ചിരിക്കുന്നതിനാൽ ഈ നമ്പർ അന്യായസംഗതി സംബന്ധിച്ചു പ്രതികൾക്ക് എന്തെങ്കിലും തർക്കങ്ങൾ ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ഈ കോടതിമുമ്പാകെ കക്ഷി തനിച്ചോ അധികാരപ്പെടുത്തിയ ആൾ മുഖാന്തിരമോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്ത പക്ഷം പ്രതികളെ കൂടാതെ കേസു തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ചങ്ങനാശേരി (ഒപ്പ്)
20-2-1124 ഹെഡ്ഗുമസ്തൻ.

എൻ. എം. ജോഷി രാജിവച്ചു

ബോംബെ, ഒ. 6

മി. എൻ. എം. ജോഷി അഖിലേന്ത്യാ ട്രേഡ് യൂണിയൻ കാൺഗ്രസ്സ്സ്ഥാനം രാജിവച്ചിരിക്കുന്നു. (ഏ-പി)

പൗരനാദം

അധികാരികളുടെ സത്വര
ശ്രദ്ധയ്ക്ക്

സർ,

ചെങ്ങന്നൂർ ഇറപ്പുഴ പാലത്തിനു തെക്കുവശത്തു നിന്നും തെക്കോട്ട് എം. സി. റോഡിൽ സമാന്തരമായി ചെങ്ങന്നൂർ പഴയ പള്ളിക്കു സമീപത്തുകൂടി പെരുംശേരി മുതലായ സ്ഥലങ്ങളിലേക്കുള്ള ഒരു വഴിയുണ്ട്. രണ്ടിലധികം ദേവാലയങ്ങളുടെ സാമീപ്യം കൊണ്ടും, ജനവാഹന ഗതാഗതബഹുലതയാലും പ്രസ്തുത വഴി എം. സി. റോഡിനെക്കാൾ ഒട്ടും അപ്രധാനമല്ല. കറച്ചുകാലത്തേയ്ക്ക് ട്രാൻസ്പോർട്ട് ലൈൻ തന്നെ ഈ വഴിയായിരുന്നു. കഴിഞ്ഞ 3-4 വർഷങ്ങളായി സംരക്ഷണവേലകൾപോലും ചെയ്യാതിരിക്കുന്നതുകൊണ്ട് മെററലെഴുന്നും, അങ്ങിങ്ങായിമുറിഞ്ഞും, കുണ്ടും കുഴിയുമായി വഴി മിക്കവാറും സഞ്ചാരയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. പല കൊല്ലങ്ങളായി റോഡിൽ അങ്ങിങ്ങായി കൂട്ടിയിട്ടുള്ളമെററൽക്കൂനകൾ ഉപയോഗശൂന്യമായ നിലയിൽ പൊടിഞ്ഞ് മാർഗ്ഗതടസ്സം ചെയ്തുകൊണ്ട് ഇന്നും കിടക്കുന്നതേയുള്ളു. ചുററുമുള്ള റോഡുകളെപോലെ അടൂർ സെക്ഷനിൽപെടാ[illegible]തു മാവേലിക്കര സെക്ഷനിൽ ഉൾപ്പെട്ടു പോയതാണ്, ഈ [illegible]നിരുത്തരവാദിത്വത്തിനു കാരണ[illegible]ന്നു പറയപ്പെടുന്നു. ഏതായാലും കേശപ്പോരും കേൾവിയുമില്ലാതെയാണ് കണ്ടുവരുന്നത്; അക്ഷന്തവ്യമായ ഈ മാതിരി കൃത്യവിലോപം അനുവദിച്ചുകൂടാത്തതാകുന്നു. ഉടനടി വേണ്ട പരിഹാരങ്ങൾ ഉണ്ടായി കാണ്മാനാഗ്രഹിക്കുന്നു.

(ഒരു പൗരൻ)

പരസ്യം

എ[illegible]ഭർത്താവ് ഹരിയ[illegible]ട്ട് [illegible]പ്പുഴ മുറിണ്ടുപറമ്പ[illegible]ക്കോട്ട് ഉൻപിള്ള അവർ[illegible] പരമേശ്വരഞാനെഴുതികൊടുത്തിട്ടുള്ള[illegible]പേർക്ക് ഉ വക്കാലത്തിലെ താല്പര്യപ്രകാരം എനിക്കും മക്കൾക്കും ഉള്ളതും അവകാശപ്പെട്ടതുമായ സ്വത്തുക്കൾ ടിയാന്റെ ഭരണത്തിലിരിക്കുന്നതാകുന്നു. ഇയ്യിടെനല്ല സ്വസ്ഥബുദ്ധിയില്ലാത്തവണ്ണമുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികൾ മൂലം പൊതുവക്കാലത്തിൻ പ്രകാരമുള്ള ഭരണം തുടരാനനുവദിക്കുന്നത് ഞങ്ങൾക്ക് ആപൽക്കരമായിരിക്കുമെന്ന് എനിക്ക് ബോധ്യമായിരിക്കുന്നതിനാൽ മേൽ പറഞ്ഞ പൊതുവക്കാലത്തിൻ പ്രകാരമുള്ള സകല അധികാരങ്ങളും ഇതുമൂലം പിൻവലിച്ചിരിക്കുന്നുവെന്നും ഞങ്ങൾക്ക് അവകാശപ്പെട്ടുന്ന ഏതെങ്കിലും വസ്തുക്കളെ സംബന്ധിച്ച് അദ്ദേഹം ചെയ്യുന്ന യാതൊരു കരണങ്ങൾക്കും ഞങ്ങൾ ഉത്തരവാദികളാകുന്നതല്ലെന്നും അദ്ദേഹത്തെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് കാർത്യായനിയമ്മ

തങ്കമ്മ (ഒപ്പ്)
കൊട്ടക്കാട്ടു തുണ്ടുപറമ്പിൽവീട്ട്
ഹരിപ്പാട്ട്
17-2-124

നേത്രബോംബ്

ശത്രുക്കളുടെ യാനപാത്രങ്ങൾ,ഫാക്ടറികൾ മുതലായി ചൂടുൽപ്പാദിപ്പിക്കാവുന്ന സ്ഥാനങ്ങളിൽ സ്വയം വന്നു പതിയ്ക്കാൻ കെല്പുള്ള ഒരു പുതിയതരം "നേത്രബോംബ്" അമേരിക്ക കണ്ടുപിടിച്ചിരിക്കുന്നു. വിമാനത്തിൽ നിന്നു ഇട്ടാൽ ഈ ബോംബ് സ്വയം ലക്ഷ്യസ്ഥാനത്തു ചെന്നു നിപതിയ്ക്കുന്നതാണ്.

(റോയിട്ടർ)

ലേല പരസ്യം

ആലപ്പുഴ ജില്ലാക്കോർട്ടിൽ 124 സിവിൽ 28.
വാദി:_ ഭാരത്ബാങ്ക്

പ്രതികൾ:_മംഗല കയർ ഇൻഡസ്ട്രീസ് മുതൽപേർ 9

ടി നമ്പരിൽ, പ്രതികൾ പങ്കാളികളായി നടത്തിവരുന്ന മംഗല കയർ ഇൻഡസ്ട്രീസ് കീലോൺ ഉടമ്പടിപ്രകാരം വാദി ബാങ്കിലേയ്ക്ക് പണയം വച്ചിട്ടുള്ളതും ബാങ്കിന്റെ കൈവശമിരിക്കുന്നതുമായ താഴെ വിവരിച്ചിട്ടുള്ള സാമാനങ്ങൾ കോടതിയുടെ ഉത്തരവിൻപ്രകാരം ആലപ്പുഴ കലവൂർ പകുതിയിൽ ചെട്ടികാട്ടു മുറിയിൽ ആലപ്പുഴ അരൂർ റോഡിനു പടിഞ്ഞാറുവശം സർവെ 309/4 A നമ്പർ വസ്തുവിലുള്ള രണ്ടു നില കെട്ടിടത്തിൽവച്ചും ആലപ്പുഴ സഹരിയാ ബസാറിലുള്ള ഗുദാമില്വച്ച് യഥാക്രമം 124 തുലാമാസം 12-ം, 13-ം തീയതികളിൽ 4 മണിക്ക് പരസ്യമായി ലേലത്തിൽ വിൽക്കപ്പെടും. ലേലത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർ തുലാം 12-ാം തീയതി 2 മണിക്കു മുമ്പായി താഴെ ഒപ്പിട്ടിരിക്കുന്ന കമ്മീഷണർവശം 25 ബ്രി.രൂപാ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലത്തിൽ സാധനങ്ങൾ പിടിക്കാത്തവരുടെ ടി തുക ലേലാവസാനത്തിൽ തിരിച്ചു കൊടുക്കപ്പെടുന്നതുമാകുന്നു. ലേലം ആരുടെ പേർക്ക് സ്ഥിരപ്പെടുത്തുന്നുവോ അവർ സംഖ്യമുഴവൻ ഉടൻതന്നെ കെട്ടിവച്ച് സാമാനങ്ങൾ മാററിക്കൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തവരുടെ നിരതദ്രവ്യം തിരിച്ചു കൊടുക്കപ്പെടാത്തതും സാമാനങ്ങൾ വീണ്ടും ലേലം ചെയ്ത് അതിൽവച്ചുണ്ടാകുന്ന സകല നഷ്ടത്തിനും അവർ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. ലേലം മാററുന്നതിനും ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനും മററും കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ കമ്മീഷണരിൽ നിന്നും അറിയാവുന്നതാകുന്നു.

സാമാന വിവരം

1) മംഗല (അഞ്ചുതെങ്ങ് ഫാൻസി 4 ഷാഫ്ട് 36 x 50 yds മാററിംഗ് 20 റോൾ.)
2) കയറുപായ് 773 ഡസൻ
3) ഉയർന്നതരം അഞ്ചുതെങ്ങ്; 4 ഷാഫ്ട്മാററിംഗ് 46 റോൾ.
4) ടി സ്റ്റെൻസിൽഡ് വിരിപ്പ് 315 Sq: yds
5) ടി 2 ഷാഫ്ട് ഫാൻസിവിൻസ്റ്റൻ 5റോൾ
6) സാധാരണ മാററിംഗ് 7 റോൾ
7) വൈക്കംഫാൻസിമാററിംഗ് Tile diamond etc 18 റോൾ
8) അഞ്ചുതെങ്ങ് മോർസൂക്ക് (Mour zouk) വിരിപ്പ് 966 sq yds
9) Beach Bound mats 404 ഡസൻ
10) അഞ്ചുതെങ്ങ് Mottledmats Bound 95 ഡസൻ

മുൻ വിവരിച്ച രണ്ടു നില കെട്ടിടത്തിലുള്ള ഗുദാമിലുള്ള മററു സാമാനങ്ങളും.

ആലപ്പുഴ
ജില്ലാക്കോടതി
20-2-124

വി. കുളത്തു അയ്യർ
കമ്മീഷണർ

വരിസംഖ്യ
(എപ്പോഴും മുൻകൂർ)

	രൂ. ണ. സ.
ഏജൻസിവഴി	1—12—0
തപാലിൽ	2— 0—0
അഞ്ചലിൽ	1—14—0

ഒററപ്രതി 2 ചക്രം

THE DESABANDHU

മത്സ്യ മാംസ സസ്യപാചകം
പലതരം മാംസക്കറികൾ, സ്ററൂ, ചോപ്സ്, കട്ട്ലററ്സ്, സൂപ്പുകൾ, നെയ്ച്ചോറുകൾ, റോസ്റ്റുകൾ, ഇറച്ചിസ്റ്റൂഫ്, മുട്ടക്കറികൾ, മത്സ്യക്കറികൾ, ജിലേബികൾ, ജല്ലികൾ, ബജിവർഗ്ഗങ്ങൾ, മുതലിയ 200 തരം പാചകവിധികൾ വിവരിക്കുന്ന ഗ്രന്ഥം.
വില ഒന്നേകാൽ രൂപാ;
കേരളം ബുക്കഡിപ്പോ കോട്ടയം

500 പ്രാഥമിക വിദ്യാലയങ്ങൾ

നിർബന്ധിത പ്രാഥമികവിദ്യാഭ്യാസ പദ്ധതി

ലക്നൗ, ഒക്ടോബർ 8

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിനായി അടുത്ത അഞ്ചു വർഷത്തിനകം ഐക്യസംസ്ഥാനത്തുള്ള കാൺപ[illegible]ഡിസ്ട്രിക്ടിൽ 500 പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാ[illegible] ഗവണ്മെൻറു ഉദ്ദേശിക്കുന്നു. ഇതുമൂലം പ്രാഥമി[illegible]ദ്യാഭ്യാസത്തിനു ഒരു കുട്ടിക്കും ഒരു മൈലിൽ കൂടുതൽ [illegible] നടന്നുപോകേണ്ടിവരുകയില്ല. കഴിഞ്ഞ രണ്ട[illegible]വർഷത്തിനിടക്കു ഇങ്ങിനെ 136 സ്കൂളുകൾ സ്ഥാപി[illegible]ക്കപ്പെട്ടിട്ടുണ്ടെന്നതു സ്മരണീയമാണ്. (ഏ. പി)

ധന[illegible]കാര്യ മന്ത്രിമാർ സമ്മേളിക്കുന്നു.

ന്യൂഡെൽഹി, ഒ: 8

പ്രോവിൻസുകളിലെ ധനകാര്യ മന്ത്രിമാരുടെ ഒരു സമ്മേളനം ഇവിടെ വച്ചു ഈമാസം 26-ാംനു നടത്തുന്നതാണ്. യുദ്ധാനന്തര പുനരുദ്ധാരണ പദ്ധതികളുടെ പണംമുടക്കു, കേന്ദ്രഗവർമ്മെൻറും പ്രവിശ്യാഗവമ്മെൻറുകളും തമ്മിൽ ആദായനികുതിയുടെ വിഭജനം മുതലായകാര്യങ്ങളെപ്പററി സമ്മേളനം പര്യാലോചിക്കുന്നതാണ്.

ചർച്ചകൾ തുടരുന്നു

ന്യൂഡെൽഹി, ഒക്ടോബർ 8

വിമാനയാത്രയെ സംബന്ധിച്ചു ഇൻഡ്യയുടെയും സിലോണിന്റെയും പ്രതിനിധികൾ തമ്മിൽ നടന്നുവന്ന ചർച്ചകൾ ഇന്നും തുടർന്നു. മിക്ക പായിന്റുകളെ സംബന്ധിച്ചും ഇരുരാജ്യങ്ങളും തമ്മിൽ ഒരു യോജിപ്പു കൈവന്നിട്ടുണ്ടെന്നാണറിയുന്നതു. നാളത്തെകൊണ്ടു ചർച്ചകൾ അവസാനിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു (ഏ. പി)

'കലാനിധി'
ആവശ്യമുള്ളവർ പണം മുൻകൂർ അടച്ചു ആവശ്യപ്പെടുക. 100 പേജ് ഒററപ്രതി വില 8 ണ.
ജി. സി. പൈ, അമ്പലപ്പുഴ
A.C.

NOTICE.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചു ഞങ്ങൾ കോട്ടയം—കോഴഞ്ചേരി സർവീസ് വീണ്ടും ആരംഭിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

സമയവിവരം

കോട്ടയത്തുനിന്നും	കോഴഞ്ചേരിയിൽനിന്നും
7-0-0 A. M.	7-0-0 A. M.
10-30 "	11-30 "
4-0-0 P. M.	4-30- P. M.

കോട്ടയം
2-2-124
മാനേജിംഗ് ഡയറക്ടർ,
സ്വരാജ് മോട്ടോർസ്, ലിമിററഡ്, കോട്ടയം

ആർത്തവം ഏതവസ്ഥയിലും കുമാരി (Tablets) ഉപയോഗിച്ചു ശരിപ്പെടുത്തുവാൻ കഴിയും. പിന്നീടു കുഴപ്പമുണ്ടാകാതിരിക്കയുംചെയ്യും. അനേകായിരം സ്ത്രീകൾക്കു തൃപ്തികരമായ ഫലം നൽകിയിട്ടുണ്ടു. സാധാരണ വീര്യത്തിലുള്ളതു 3 രൂ: സ്പെഷ്യൽ 5 രൂ. എക്സ്ട്രാ സ്പെഷ്യൽ 8 രൂ. വി. പി. ചെലവു 12 ണ പുറമെ
സ്റ്റോക്കിസ്റ്റ്സ്:– കെ. സി. മാത്യു & കമ്പനി കോഴഞ്ചേരി.
നിർമ്മാതാക്കൾ:– Mrs P. Devee, F. D. S. (B. D.)
Tollygunge, Calcutta.

ദി സ്വരാജ്യ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് ലിമിറ്റഡ്
കോട്ടയം
പ്രതിമാസലേലച്ചിട്ടി

ടി കമ്പനി തലയാൽ നിന്നു 1124 തുലാം 18-ാംനു ആരംഭിക്കുന്ന പ്രസ്തുത ചിട്ടിയിൽ താഴെ പറയുന്ന നമ്പരുകൾ ഉണ്ടായിരിക്കുന്നതാണ്.

നമ്പർ	തുക	തവണയ്ക്കു
എ	രൂ 3000	രൂ 100
ബി	" 1500	" 50
സി	" 750	" 25
ഡി	" 300	" 10
ഇ	" 150	" 5

കൂടുതൽ വിവരങ്ങൾക്കും [illegible] കോട്ടയം ടെലിഫോൺ ആഫീസ്സിനു എതിർവശമുള്ള കമ്പനി ആഫീസ്സിൽ നേരിട്ടോ കത്തുമൂലമോ ആവശ്യപ്പെടുക.

Secretary
The Swarajya Investment Trust Ltd.
A. A /S: 1: 2. Kottayam.

വേറൊരു സമ്മാനം

"ഏകലോക[illegible]ഗവണ്മെൻറിലൂടെ സമാധാനം" എന്ന ഒരു ഗ്രന്ഥം എഴുതുന്ന ഏററവും വിദഗ്ദ്ധനായ ഗ്രന്ഥകാരനു 4000 ഡോളർ സമ്മാനം [illegible]ക്കുന്നതാണെന്നു മി: ഡാൽമിയ പ്രഖ്യാപിച്ചിരിക്കുന്നു. ഇംഗ്ലീഷിലോ ഫ്രെഞ്ചിലോ ഏതെങ്കിലും ഇന്ത്യൻഭാഷകളിലോ ആ ഗ്രന്ഥം രചിക്കാവുന്നതാണ്.

പരസ്യം

തൊടുപുഴ മുൻസിഫ്കോർട്ടിൽ 123-ൽ സിവിൽ 361

വാദി:— കാരിക്കോട്ടുപകുതി കടയത്തുരമുറിയിൽ പടിഞ്ഞാറയിൽ വീട്ടിൽ പെരുമാൾപിള്ള പത്മനാഭപിള്ള.

പ്രതി:— കോട്ടയം താലൂക്ക നാട്ടകം പകുതി പാക്കുകരയിൽ ചെറുവള്ളിൽനിന്നും തൊടുപുഴ പകുതി ടി മുറിയിൽ തൊടുപുഴ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഇരിക്കുന്ന കെട്ടിടത്തിൽ സെൻറുമേരീസ് ഡെയിലിഅക്ഷൻ ചിട്ടിനടത്തിപ്പുജോലിയായി താമസിക്കും ചാക്കോ ചാക്കോ.

ടി പ്രതിയെ തെളിപ്പെടുത്തുന്നതു.

ടി പ്രതിയുടെമേൽ വാദിവ്യവഹാരം ബോധിപ്പിച്ചിരിക്കുന്നതിനാൽ 124 തുലാം 10-ാംനു വിചാരണെ വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കോർട്ടിൽ പ്രതിനേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി തർക്കംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെ കൂടാതെ കേസ്സു തീർച്ചയ്യുന്നതാണെന്നുള്ള വിവരംഇതിനാൽ അറിയിച്ചിരിക്കുന്നു.

19—2—124

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്കു (ഒപ്പു)

പരസ്യം

തൊടുപുഴ മുൻസിഫ്കോർട്ടിൽ 123-സിവിൽ: 340

വാദി: തൊടുപുഴപകുതി ചെറിയതൊടുപുഴമുറിയിൽ പുത്തൻ പുരയ്ക്കൽ ജോസഫ് വറുഗീസ്

പ്രതികൾ (1) കോട്ടയം താലൂക്കു വിജയപുരംപകുതിതോട്ടുകൽ നിന്നും തൊടുപുഴ പുതിയ കുന്നേൽമാധവൻപിള്ളയുടെ കെട്ടിടത്തിൽ ചിട്ടിനടത്തിപ്പുജോലിയായി താമസിക്കും ചെറിയാൻ ജോൺ

(2) ആരക്കുഴപകുതി തെക്കൻ മാറാടി കരയിൽ ഇരുവക്കൽ നിന്നും തൊടുപുഴ ടികെട്ടിടത്തിൽ ടി ജോലിയായി താമസിക്കും കുരുവിള സ്കറിയാ.

(3) കോട്ടയം താലൂക്കു വിജയപുരംപകുതി നട്ടാശ്ശേരി കരയിൽ പുതുപ്പറമ്പിൽ നിന്നും തൊടുപുഴ ടി കെട്ടിടത്തിൽ ടി ജോലിയായി താമസിക്കും കുരുവിള പോത്തൻ.

ടി പ്രതികളെതെളിപ്പെടുത്തുന്നതു.

ടി പ്രതികളുടെമേൽവാദി വ്യവഹാരം ബോധിപ്പിച്ചു സമൻസ് അയച്ചതിൽ കൈപ്പററാതിരിക്കുന്നതിനാൽ ടി കേസ്സു 6—3—1124—ൽ വിചാരണക്കു വച്ചിരിക്കുന്നതിനാൽ പ്രതികൾക്കു വല്ലതർക്കവുമുണ്ടായിരുന്നാൽ പകൽ 11 മണിക്കു കോർട്ടിൽപ്രതികൾ നേരിട്ടോ വക്കീൽ മുഖാന്തിരമോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതികളെ കൂടാതെ കേസ്സു തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്കു (ഒപ്പു)
19—2—124

കോട്ടയം

(സ്വ. ലേ) കന്നി 23

കോട്ടയം ഡിവിഷൻ വിമുക്തഭടന്മാരുടെ ഒരു വിശേഷാൽ സമ്മേളനം നാളെ പകൽ 3 മണിക്കു ലഫ്: പി. ഐ. ചാക്കോ എം. എ-യുടെ അദ്ധ്യക്ഷതയിൽ നൂഇറാ തീയേററിൽ വച്ചു കൂടുന്നതാണ്.

കോട്ടയം പബ്ളിക്കു ലൈബ്രറിക്കു പ്രതിമാസം 35 രൂപാ ഗ്രാൻറും, പുസ്തകം വാങ്ങുന്നതിനു 1000 രൂപാ സംഭാവനയായും കൊടുക്കുന്നതിനു നഗരസഭയുടെ ബഡ്ജററിൽ ചേർത്തിട്ടുള്ളതായറിയുന്നു. നഗരശുചീകരണം, കൊതുകു നിവാരണം എന്നിവയ്ക്കു ഒരു [illegible] സംഖ്യ നീക്കിവച്ചിരിക്കുന്നതായറിയുന്നു. വരവിനേക്കാൾ 19000 രൂപാ കൂടുതൽ ചെലവു വരുന്ന ഒരു ബഡ്ജററാണു തയ്യാറാക്കിയിട്ടുള്ളതെന്നറിയുന്നു.

ഡിവിഷൻപേഷ്കാർ മി. പി. എ. കാസിം, ആലുവായ്ക്കു സർക്കീട്ടു പോയിരിക്കുന്നു.

30-ാം തീയതി ഇവിടെ എത്തുന്ന മന്ത്രി ശ്രീ. ജി. രാമചന്ദ്രൻ ചിങ്ങവനത്തു സ്ഥാപിച്ചിട്ടുള്ള ദേശീയ മഹിളാസദനം സന്ദർശിക്കുന്നതാണ്.

കോട്ടയം അതലററിക്കു അസോസ്സിയേഷന്റെ ഒരു എക്സിക്യൂട്ടീവു കമ്മിററി മീററിംഗ് വൈ.എം.സി.എ. യിൽ വച്ചു കൂടി തിരുനാൾ പ്രമാണിച്ചു പതിവായി നടത്തിവരാറുള്ള അഖില കേരള സ്പോർട്ട്സ് ഈ ആണ്ടിൽ തിരുനക്കര മൈതാനത്തുവച്ചു പൂർവ്വാധികം ഭംഗിയായി നടത്തണമെന്നു തീരുമാനിച്ചിരിക്കുന്നു:

അറിയിപ്പ്

വില മുമ്പാറായി അയച്ചുകൊണ്ടു "ദേശബന്ധു വിശേഷാൽ പ്രതി"ക്കു ദിനം പ്രതി ഒട്ടേറെ അപേക്ഷകൾ ലഭിച്ചുവരുന്നു. അടിച്ചടത്തോളം പ്രതികൾ വിററു തീർന്നു പോയതിനാൽ, കൂടുതൽ പ്രതികളാവശ്യപ്പെട്ട ഏജൻറന്മാർ ഉൾപ്പെടെ പലരേയും നിരാശപ്പെടുത്തേണ്ടതായി വന്നിരിക്കുന്നതിനാൽ വ്യസനമുണ്ടു. സകല പ്രതീക്ഷകളെയും അതിക്രമിച്ചു ഇത്രമാത്രം വമ്പിച്ച പ്രോത്സാഹനം ലഭിച്ചതിൽ "ദേശബന്ധു" വിനു അതിയായ കൃതജ്ഞതയുണ്ടു.

മാനേജർ

ഫ്രഞ്ച് ഇൻഡ്യാ തിരഞ്ഞെടുപ്പ്

പോണ്ടിച്ചേരി, ഒ: 8

പോണ്ടിച്ചേരി, കാരക്കടി, മയ്യഴി, യാനം എന്നീ ഫ്രഞ്ചു ഇൻഡ്യൻ പ്രദേശങ്ങളിലെ തിരഞ്ഞെടുപ്പുകൾ ഈമാസം 24-ാം തീയതി നടക്കുന്നതാണ്. ഈ തിരഞ്ഞെടുപ്പുകൾ ഈ മാസം 10-ാംനു നടത്തുവാനാണു നിശ്ചയിച്ചിരുന്നതു. (ഏ-പി)

കാർഷികാദായ നികുതി

മദ്രാസ്, ഒക്ടോബർ 8

കാർഷികാദായനികുതി ഏർപ്പെടുത്തുന്ന കാര്യം സെമീന്ദാരി നിർത്തലാക്കുകയും ഭൂമി മുഴുവൻ റയട്ടുവാരി സമ്പ്രദായത്തിലാക്കുകയും ചെയ്ത ശേഷം മാത്രമെ പര്യാലോചിക്കുകയുള്ളു എന്നു ചില പത്രങ്ങളിൽ കണ്ട റിപ്പോർട്ടുകൾ ശരിയല്ലെന്നു മദ്രാസ്ഗവമ്മെൻറിന്റെ ഒരു പ്രസ്സ്നോട്ടിൽ പറയുന്നു: സെമീന്ദാരി പ്രദേശങ്ങളുടെ കാര്യം എങ്ങനെയിരുന്നാലും കാർഷികാദായനികുതിയെ സംബന്ധിച്ചു നേരത്തെ തീരുമാനമുണ്ടാക്കുന്നതാണ്. (ഏ. പി.)

നാവിക പരിശീലനം

കൊച്ചിയിൽ വിദ്യാലയം ആരംഭിക്കുന്നു

നാവിക ഉദ്യോഗസ്ഥ കാൺഫറൻസ് [illegible]

ന്യൂഡെൽഹി, : ഒക്ടോബർ 8

രാജകീയ നാവിക സേനയിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കാൺഫറൻസ് ഇവിടെവച്ചു നടന്നുകൊണ്ടിരുന്നതു അവസാനിച്ചിരിക്കുന്നു. നാവിക സേനയുടെ സംവിധാനത്തിനു ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ട ഒരു കാര്യം എത്രയും കുറഞ്ഞ കാലയളവിൽ അതിനെ ദേശസാൽക്കരിക്കണമെന്നുള്ളതാണെന്നു കാൺഫറൻസിൽ ആദ്ധ്യക്ഷംവഹിച്ച വൈസ് അഡ്മിറൽ ഡബ്ളിയൂ. എഫ്. പാരി പ്രസ്താവിച്ചു. കരസൈന്യം, വിമാനസേന എന്നിവയെപ്പോലെ ഈ വകുപ്പിലെ ദേശസാൽക്കരണം പുരോഗമിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ ബ്രിട്ടീഷുകാരായ ഉദ്യോഗസ്ഥന്മാരെ ഒഴിവാക്കണമെങ്കിൽ ഇനിയും കാലം കുറെവേണം. എങ്കിലും നാവികസേനയിലെ ഓരോ ഉദ്യോഗവും ഇന്ത്യക്കാർതന്നെ ഏറെറടുക്കേണ്ടതു വളരെ പ്രധാനപ്പെട്ട കാര്യമാണെന്നു അദ്ദേഹം തുടർന്നുപ്രസ്താവിച്ചു.

ആകെ 44 ഇനങ്ങൾ ആലോചിക്കപ്പെട്ടു. അടുത്ത മൂന്നു വർഷത്തേക്കു നാവികസേനയിലേക്കുള്ള പരിശീലനകാര്യമായിരിക്കും കൂടുതലായി ശ്രദ്ധിക്കുന്നതു. ഈ ആവശ്യത്തിനായി ഏററവുംപററിയ സ്ഥാനമെന്നു കരുതുന്ന കൊച്ചിയിൽ ഒരു ട്രെയിനിംഗ്സ്കൂൾ ആരംഭിക്കുന്നതാണു. ഇന്ത്യയുടെ പ്രതിരോധം പൂർണ്ണമായും നിർവഹിക്കത്തക്ക ഒരു നാവികസേന ഉണ്ടായിരിക്കണമെന്നുള്ളതാണു പ്രാരംഭത്തിലെ ഉദ്ദേശം. ആക്രമണത്തിനുള്ള കഴിവും ഈ സേനക്കു ഉണ്ടായിരിക്കും. സേനയെ ദേശസാൽക്കരിക്കുന്നതിനു പത്തോ പതിനഞ്ചോ വർഷത്തിലധികം വേണ്ടിവരികയില്ലെന്നാണു വൈസ് അഡ്മിറൽ പാരിയുടെ വിശ്വാസം. ഇപ്പോൾസൈന്യത്തിൽ 45 ബ്രിട്ടീഷ് ആഫീസ്സറന്മാരും 400 ഇന്ത്യൻ ആഫീസ്സറന്മാരും ഉണ്ടു. ഇനി 200 പേരെ കൂടി വേണം. പൊതുജനങ്ങൾക്കു കൂടുതൽ താല്പര്യം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നു അദ്ദേഹം അഭ്യർത്ഥിച്ചു. ഇന്ത്യക്കു ഒരു നീണ്ട സമുദ്രതീരമാണുള്ളതു. ഭക്ഷ്യങ്ങൾക്കും മററുപ്രധാനപ്പെട്ട സാധനങ്ങൾക്കും ഇതര രാജ്യങ്ങളെ ആശ്രയിക്കേണ്ടതായും ഇരിക്കുന്നു. അതിനാൽ സമുദ്രതീര സംരക്ഷണം എത്രയും പ്രധാനമാണെന്നും അദ്ദേഹംപറഞ്ഞു. (ഏ—പി)

അതുവക്കീലിന്റെ കാര്യം

ലണ്ടൻ, ഒക്ടോബർ 8

ലണ്ടനിൽ ഹൈദ്രബാദിന്റെ പണം പേരുമാറിയതുസംബന്ധിച്ചു ചില രേഖകൾ പണ്ഡിത നെഹ്റു കൊണ്ടു വരുന്നതായി പ്രചരിച്ചിരുന്ന റിപ്പോർട്ടുകളെപ്പററി പത്രപ്രതിനിധികൾ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണു.

അതു വക്കീലിന്റെ ജോലിയാണു. ഞാനതിലെന്തിനു വിഷമിക്കണം. എന്റെ കൈയിൽ അതു സംബന്ധിച്ചു യാതൊരു രേഖയും ഇല്ല.

ഇതാണ് ന്യൂസ്

പട്ടിയെ മനുഷ്യൻ കടിച്ചു

ഹെയ്ഫാ, ഒക്ടോബർ 3

ഡാഹിറു എന്ന അറബി ഗ്രാമത്തിൽവെച്ചു സുലൈമാൻ എന്ന പേരുള്ള ഒരു ആട്ടിടയൻ ഒരു വിചിത്രവാർത്തക്കു ഹേതുഭൂതനായിരിക്കുന്നു. അയാൾ ഒരു പട്ടിയെ കടിച്ചു, ഈ കുററത്തിനു കോടതി അയാൾക്കു 17 ദിവസത്തെ തടവുശിക്ഷ വിധിച്ചിരിക്കുന്നു. പട്ടി തന്നെ കടിക്കാൻ വന്നപ്പോൾ ആത്മരക്ഷക്കുവേണ്ടി താൻ അതിനെ കടിച്ചതാണെന്നു അയാൾ വാദിക്കുകയുണ്ടായി.

"വേറൊരുവന്റെ പട്ടിയെ കടിക്കാൻ ഒരാൾക്കും അവകാശമില്ല" കോടതിയിൽനിന്നു പ്രസ്താവിക്കപ്പെട്ടു.

ചണത്തിനുപകരം ഗോതമ്പ്

അർജൻറീനായിൽ നിന്നു ലഭിക്കും

ന്യൂഡൽഹി, ഒക്ടോ: 8

ഇന്ത്യയിൽനിന്നു നൽകുന്ന ചണത്തിനു പകരമായി 385000 ടൺ ഗോതമ്പു തരാമെന്നു അർജൻറീനിയാ സമ്മതിച്ചിട്ടുള്ളതായി അറിയുന്നു. ഇതുമുഴുവൻ അടുത്തമാർച്ചിനകം ഇവിടെ വന്നുചേരുമെന്നു പ്രതീക്ഷിക്കുന്നു. (ഏ—പി

അന്നും ഇന്നും

സാധനങ്ങളുടെ വില കയറിയ കയററം

ന്യൂഡൽഹി, ഒക്ടോബർ 5

നൂറുകൊല്ലം മുമ്പു ഇന്ത്യയിൽ ഓരോ സാധനത്തിന്റെയും വില എത്ര നിസ്സാരമായിരുന്നുവെന്നു ഈയിടെ ബങ്കാളിൽനിന്നു ലഭിച്ചിട്ടുള്ളതും ദേശീയ ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിട്ടുള്ളതും ആയ ഒരു കണക്കുപുസ്തകം സാക്ഷ്യംവഹിക്കുന്നു 1850 നവംബർ 3-ാം തീയതി കാളിപൂജ സംബന്ധിച്ചു ബംഗാളിലെ മി. എസ്. എൻ. ബോസിന്റെ പൂർവികന്മാർ വാങ്ങിയ സാധനങ്ങളുടെ പട്ടികയാണു കണക്കിലുള്ളതു. അതനുസരിച്ചു അന്നു ഒരു ഇടങ്ങഴി നെയ്ക്കു ഏഴണയും അത്രയും തേനിനു മൂന്നണയും മാത്രമായിരുന്നു വില. ഒന്നാന്തരം അരി പറയ്ക്കു ആറേകാലണ കൊടുത്തതായി കാണുന്നു. രണ്ടേമുക്കാൽ ഇടങ്ങഴി കട്ടക്കെണ്ണയ്ക്കു 12 ണയും, നാലേകാൽ ഇടങ്ങഴി വെളിച്ചെണ്ണയ്ക്കു രണ്ടു രൂപായും കൊടുത്തിരിക്കുന്നു. മൂന്നു ആടിനു കൊടുത്തിട്ടുള്ളതു രണ്ടേകാൽ രൂപായാണു. ഒരു അണയ്ക്കു രണ്ടു ഡസൻ നേന്ത്രപ്പഴമൊ എട്ടു മധുരനാരങ്ങയൊ, എട്ടു വെള്ളരിക്കയൊ കിട്ടിയിരുന്നു. വസ്ത്രങ്ങളുടെ വിലയും തീരെ കുറവു തന്നെയായിരുന്നു. ഒരു സാരിക്കു പത്തണയും ദോത്തിക്കു ആറണയും കൊടുത്തു കാണുന്നു. ഒരു സിൽക്കുസാരിയുടെ വില 13ണ മാത്രമാണു.

ഇനി വൈകരുത്

നൈസാമിനു സുഹൃത്തുക്കളുടെ ഉപദേശം

ന്യൂഡൽഹി, ഒക്ടോ: 7

ഹൈദ്രബാദിനെ ഭാഷകൾ അടിസ്ഥാനമാക്കി വിഭജിച്ചു ഓരോഭാഗവും സമീപപ്രവിശ്യകളോടു ചേർക്കണമെന്നുള്ള പ്രക്ഷോഭണത്തിനു ശക്തി കൂടുന്നതിനുമുമ്പു ഇന്ത്യൻയൂണിയനോടു ചേരുവാൻ നൈസാമിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തെ ഉപദേശിച്ചിരിക്കുന്നതായി അറിയുന്നു.

ഷഷ്ടിപൂർത്തി ആഘോഷം

(ഒ-ലേ)

ചങ്ങനാശ്ശേരി, കന്നി [illegible]

ശ്രീ: തോട്ടയ്ക്കാട്ടു മാധവിയമ്മയുടെ അറുപതാം ജന്മദിനം ഇന്നേദിവസം പെരുന്നയിലുള്ള തോട്ടയ്ക്കാട്ടു എം. പി. മന്ദിരത്തിൽവച്ചു ഏററവും ഭംഗിയായി ആഘോഷിച്ചിരിക്കുന്നു. ഇതുസംബന്ധിച്ചു രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും വന്നെത്തിയ പ്രശസ്തതിഥികളെ ശ്രീ. മന്നം സ്വീകരിക്കുകയുണ്ടായി. വിഭവസമൃദ്ധമായ സദ്യയും സാധുക്കൾക്കു അന്നദാനവും ഉണ്ടായിരുന്നു.

അനുഗ്രഹീതയായ ആ മഹതിയുടെ ദീർഘായുരാരോഗ്യങ്ങൾക്കായി പ്രാർത്ഥിച്ചുകൊള്ളുന്നു.

മദ്രാസ് ഗവർണർ

ഉട്ടക്കമണ്ടു, ഒ. 8

മദ്രാസ് ഗവർണരും പാർട്ടിയും ഒക്ടോബർ 25-ാംനു ഇവിടെനിന്നു മദ്രാസിലേക്കു പോകുന്നതാണു. (ഏ-പി)

മദ്രാസ്—ബോംബെ എക്സ്പ്രസ്സ്

മദ്രാസ്, ഒ: 8

സെപ്തംബർ 14-ാംനുശ്ശേഷം നിർത്തിവച്ചിരുന്ന മദ്രാസ്-ബോംബെ എക്സ്പ്രസ്സ് ട്രെയിൻസർവീസ് നാളെ മുതൽ വീണ്ടും നടപ്പിലാക്കുന്നതാണെന്നറിയുന്നു. (ഏ-പി)

സ്വാഗതാശംസ

ഹൈദ്രബാദ്, ഒക്ടോ: 8

ഹൈദ്രബാദിൽ സമാധാനം സംസ്ഥാപിക്കുന്നതിനു വേണ്ടി ഇന്ത്യാഗവണ്മെൻറു കൈക്കൊണ്ട നടപടികളെ സ്റ്റേററിലെ ട്രേഡ് അസോസിയേഷനും, തൊഴിലാളിസംഘവും സ്വാഗതം ചെയ്തിരിക്കുന്നു. (ഏ-പി

കേടുപാടു പോക്കുന്നു

ബോംബെ, ഒക്ടോബർ 8

വിഭജനത്തെത്തുടർന്നുണ്ടായ വർഗ്ഗീയകലാപകാലത്തു കേടുപാടുകൾ സംഭവിച്ച ആരാധനസ്ഥലങ്ങളുടെ അററകുററങ്ങൾ തീർത്തുകൊടുക്കുന്നതിനു ബോംബെഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

(ഏ-പി)

ശ്രീമതി അമ്മുസ്വാമിനാഥൻ

ന്യൂഡൽഹി, ഒക്ടോബർ 8

കാണസംബ്ളി മെമ്പറായ മിസ്സിസ് അമ്മുസ്വാമിനാഥനെ ഇന്ത്യാഗവർമ്മെൻറുവക വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്രോപദേശകസമിതിയിലെ ഒരംഗമായി മൂന്നു വർഷത്തേക്കു നോമിനേററുചെയ്തിരിക്കുന്നു.

നിലവാരം

(സ്വന്തം ലേഖകൻ)

ആലപ്പുഴ, കന്നി 22

എണ്ണ കൊച്ചി	490 0 0
പിണ്ണാക്ക ടി	122 0 0
എണ്ണ ആലപ്പുഴ	480 0 0
പിണ്ണാക്ക ടി	112 8 0
കൊപ്രാ	445—447
കുരുമു: പാലാ	800—1600
തെക്കൻ	800—1150
ചുക്കു	356 0 0
മഞ്ഞൾ	250 0 0
തങ്കം	112 0 0
പവൻ	77 0 0
സ്വർണ്ണം	70 0 0
വെള്ളി	177 0 0

Printed and published by C. M. Sankara pillai, at the Swaraj printing works. Kottayam.